# ചർച്ച് ന്യൂസ്

സി.എസ്.ഐ.കാട്ടാക്കട
ദക്ഷിണ കേരള മഹായിടവക (എസ്.ഐ.യു.സി)

Vol:5 No: 6
website: www.csikattakada.in
e-mail: csikattakada@gmail.com
നവംബർ 2016



50-ാം പതിപ്പ്

*The Journey...*

എന്റെ ഉള്ളം കർത്താവിനെ മഹിമപ്പെടുത്തുന്നു; (ലൂക്കോ.1 : 46)

GOVT. OF INDIA
916 BIS
HALLMARKED JEWELLERY

# നെയ്യാറ്റിൻകര
# പെരേപ്പാടൻസ് ഗോൾഡ് പാർക്കിൽ
# ഇപ്പോൾ അന്താരാഷ്ട്ര ഗോൾഡ്
# ഷോപ്പിംഗ് അനുഭവം




കല്ല്യാണപാർട്ടികൾക്ക് ഉത്പാദന വിലമാത്രം | എല്ലാ പർച്ചേസിനും ആകർഷകമായ സമ്മാനങ്ങൾ | ഏറ്റവും കുറഞ്ഞ പണിക്കൂലി

പെരേപ്പാടൻസ്
100% 916 ജ്വല്ലറി


## ഗോൾഡ് പാർക്ക്

സ്വദേശാഭിമാനി പാർക്കിന് സമീപം, കൃഷ്ണൻ കോവിൽ ജംഗ്ഷൻ, നെയ്യാറ്റിൻകര. Ph: 0471-3001551

| കൊട്ടാരക്കര | നെടുമങ്ങാട് | കരുനാഗപ്പള്ളി | പയ്യന്നൂർ |
|---|---|---|---|
| Ph: 0474 - 3223637 | Ph: 0472 - 3201993 | Ph: 0476 - 2624599 | Ph: 0498 - 5208418 |


Head Office : Thrissur

ഈ പരസ്യവുമായി ഗോൾഡ് പാർക്കിന്റെ കേരളത്തിലെ ഏതെങ്കിലും ശാഖകളിൽ നിന്ന് സ്വർണ്ണാഭരണങ്ങൾ വാങ്ങുന്നവർക്ക് പ്രത്യേക ഡിസ്കൗണ്ട് ലഭിക്കുന്നതാണ്.























# ചർച്ച് ന്യൂസ്

**സി.എസ്.ഐ.കാട്ടാക്കട**
**ദക്ഷിണ കേരള മഹായിടവക (എസ്.ഐ.യു.സി)**

ഔദ്യോഗിക പ്രതിമാസ പ്രസിദ്ധീകരണം ♦ 50–ാം പതിപ്പ്

# സി.എസ്.ഐ.കാട്ടാക്കട
# ചർച്ച് ന്യൂസ്

**50–ാം പതിപ്പ്**

**Vol: 5 No:6**

നവംബർ 2016



Website: www.csikattakada.in
E-mail: csikattakada@gmail.com
Phone: 0471-2290544, 0471-2293617




## ഇടവകക്കമ്മിറ്റി അംഗങ്ങൾ

| | |
|---|---|
| റവ. സി.ആർ.വിൻസന്റ് | 9446850066 |
| റവ.അഡ്വ.സജി.എൻ.സ്റ്റുവർട്ട് | 8281620414 |
| ബി.ബ്രൈറ്റ്സിംഗ് (സെക്രട്ടറി) | 9495302818 |
| ബിനു.ജി.ആർ (അക്കൗണ്ട്) | 9895154173 |
| അജന്തകുമാരി | 8129745877 |
| വി.കെ.ആൻസലം | 9995933326 |
| എം.എഫ്. ഡിക്സൻരാജ് | 9495521950 |
| ജോയൽസുധാകർ | 9745202044 |
| എ.ജോസ്കുമാർ | 9961081969 |
| ലാജി | 8281432485 |
| മോഹൻദാസ് | 9495059878 |
| ഷൈൻ.വി.ജി | 9497471225 |
| ഇ.വിജയരാജ് | 9349141072 |

**മഹായിടവക കൗൺസിൽ അംഗങ്ങൾ**

| | |
|---|---|
| ജി ക്രിസ്റ്റഫർ | 9495632279 |
| റ്റി എൽ സത്യരാജ് | 9447390908 |
| എ ആർ അനീഷ് | 9995899536 |
| റസിലം എഡ്വിൻ | 9446173387 |

| | |
|---|---|
| വിൽസ്രാജ് (കപ്യാർ) | 9446564482 |

## ഉള്ളടക്കം


**Pastor's view** — 8
*റവ.സി.ആർ.വിൻസന്റ്*

**ശൂനേമിലേക്കുള്ള യാത്ര** — 10
*റവ.അഡ്വ.സജി.എൻ.സ്റ്റുവർട്ട്*

**വിശ്വചൈതന്യം** — 12
*വെള്ളനാട് ഡെന്നിസൻ*

**യുവജനത സൈബർയുഗത്തിൽ** — 13
*സിനു സത്യൻ*

**നീറോ വീണ വായിച്ചപ്പോൾ** — 15
*വിൽഫ്രഡ് രാജ്*

**വേദപുസ്തകം ചരിത്രനാൾവഴികളിലൂടെ** — 17
*ഡോ.ബിനു എൽ എസ്*

**സകല കുടംബത്തിനു പേർ വരുവാൻ...** — 19
*റസിലം എഡ്വിൻ*

**എ ചാൾസ് – ഒരനുസ്മരണം** — 22
*ദീപേഷ് എഡ്വിൻ*

**അവനാണ് അവനാണ് യേശു** — 24
*പി സ്റ്റീഫൻസൻ*

**എന്റെ ഇടയൻ** — 29
*വിനോജ് ഡി.സാരസം*

**മഹദ് വചനങ്ങൾ** — 31
*ഷെറിൻ Z.J*

**സ്തോത്രാർപ്പണം** — 32

**മാസവരി** — 35

**പ്രധാന പ്രോഗ്രാമുകൾ** — 40

**ജന്മദിനാശംസകൾ** — 41

**വിവാഹവാർഷികാശംസകൾ** — 42

**വാർത്തകൾ, അറിയിപ്പുകൾ** — 43

**കരോൾ ലിസ്റ്റ്** — 45

# ആശംസകൾ

**ക്രിസ്തുവിൽ പ്രിയമുള്ളവരേ,**

സഭയുടെ നാഥനായ ക്രിസ്തുയേശുവിന്റെ ധന്യനാമത്തിൽ ഏവർക്കും സ്നേഹവന്ദനം. കാട്ടാക്കട സി.എസ്.ഐ. സഭയുടെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിച്ചുവരുന്ന ചർച്ച് ന്യൂസിന്റെ 50-ാം പതിപ്പാണ് ഈ മാസം പുറത്തിറങ്ങുന്നത്. സഭയുടെ വിവിധ കാര്യങ്ങൾ, സംഘടനകളുടെപ്രവർത്തനങ്ങൾ, ആത്മീക വളർച്ചയ്ക്കുതകുന്ന ലേഖനങ്ങൾ, കുഞ്ഞുങ്ങളുടെ സർഗ്ഗാത്മക രചനകൾ മുതലായവ ഇതിലൂടെ പ്രകടമാക്കുന്നതിനുള്ള വിലയേറിയ അവസരം ദൈവം ദാനം ചെയ്യുന്നു. തുടർന്നുള്ള ചർച്ച് ന്യൂസുകളും സഭയുടെ സമഗ്രമായ വളർച്ചയ്ക്കും ആത്മീക പരിപോഷണത്തിനും ശക്തീകരണം നൽകുന്നതാകട്ടെ എന്നാശംസിച്ചുകൊള്ളുന്നു.

പ്രാർത്ഥനയോടെ കർത്തൃശുശ്രൂഷയിൽ,

നിങ്ങളുടെ വിൻസന്റ് അച്ചൻ.
ഡി. ചെയർമാൻ & സഭാശുശ്രൂഷകൻ



**ക്രിസ്തുവിൽ പ്രിയരെ,**

കാട്ടുകടയോ, കാട്ടാൽകടയോ ആയിരുന്ന ദേശത്തെ ജനനിബിഡ പ്രദേശമാക്കി മാറ്റിയ സഭയുടെ വാർത്താവിനിമയ കേന്ദ്രം 50-ാം പതിപ്പിലേയ്ക്ക് കുതിക്കുമ്പോൾ സഭയുടെ ചരിത്രം, ദേശത്തിലെ ചരിത്രം, സാംസ്ക്കാരിക, സാമൂഹിക മുന്നേറ്റത്തിന്റെ ചരിത്രം എന്നിവ ചർച്ചചെയ്യുന്ന ഒരു പ്രസിദ്ധീകരണമായി ചർച്ച്ന്യൂസ് മാറട്ടെ. പൂർവ്വിക മിഷണറിമാരെയും, കനൽവഴികളിലൂടെ സഞ്ചരിച്ച പൂർവിക സഭാശുശ്രൂഷകർ, സെക്രട്ടറിമാർ, കമ്മറ്റി അംഗങ്ങൾ, സഭാജനങ്ങൾ എന്നിവരെയും ആദരവോടെ നോക്കിക്കാണാം. സഭയുടെയും സമൂഹത്തിന്റെയും ഭാവിയിലെ സാധ്യതകളും ദൈവകൃപയിൽ ആശ്രയിച്ച് ദർശിക്കാം. ശ്രമകരമായ ഈ ഉദ്യമത്തിൽ ആയിരിക്കുന്ന എഡിറ്റോറിയൽ ബോർഡിനെ പ്രത്യേകം ആദരിക്കുന്നു. ചർച്ച് ന്യൂസ് നമ്മുടെ ഹൃദയങ്ങളെ കീഴടക്കട്ടെ.



റവ: അഡ്വ:സജി എൻ. സ്റ്റുവർട്ട്

# ആശംസകൾ



**പ്രിയസഭാജനങ്ങളെ,**

ഇത്രത്തോളം നമ്മെ വഴി നടത്തിയ ദൈവത്തിന്
സ്തുതി കരേറ്റാം. അന്ധകാരത്തിന്റേയും
അടിമത്തത്തിന്റേയും അവസ്ഥയിൽ നിന്നും ദൈവീക
ദാനമായി ലഭിച്ച ജീവന്റെ വെളിച്ചം അണയാതെ
സൂക്ഷിക്കേണ്ട ഉത്തരവാദിത്തം നമുക്കോരോരുത്തർക്കുമുണ്ട്.
ഇടവകയിലെ ഓരോ പ്രവർത്തനങ്ങളിലും
ദൈവം നമ്മെ അതിനായി ഒരുക്കട്ടെ.
അചഞ്ചലമായ വിശ്വാസവും
നിസ്വാർത്ഥമായ സേവനവുമാണ്
ദൈവം നമ്മിൽ നിന്നും പ്രതീക്ഷിക്കുന്നത്.
അപ്രകാരം നമ്മുടെ ജീവിതങ്ങളെ ക്രമപ്പെടുത്താം.
ഇടവകയുടെ ഔദ്യോകിക പ്രസിദ്ധീകരണമായ
ചർച്ച് ന്യൂസിന്റെ കഴിഞ്ഞ 49 പതിപ്പുകൾ
പുറത്തിറക്കുവാൻ അക്ഷീണം പ്രയത്നിച്ചവരെ
നന്ദിയോടെ ഈ സമയം ഓർക്കുന്നു.
ഇനിയും സർവ്വശക്തൻ നമ്മെ കൂടുതലായി
അനുഗ്രഹിക്കട്ടെ. പ്രാർത്ഥനയോടെ,

ബി.ബ്രൈറ്റ്സിംഗ്
ഇടവക സെക്രട്ടറി

**ബഹുമാന്യ ഇടവകാംഗങ്ങളെ,**

നമ്മുടെ ഇടവകയുടെ ഔദ്യോഗിക പ്രതിമാസ
പ്രസിദ്ധീകരണമായ ചർച്ച് ന്യൂസിന്റെ 50 പതിപ്പുകൾ
പിന്നിടുകയാണ്. ഇടവകാംഗങ്ങളുടെയും മറ്റ്
അഭ്യുദയകാംക്ഷികളുടെയും സഹകരണം
ഒന്നുകൊണ്ടുമാത്രമാണ് സഭയുടെ പൊതു
അക്കൗണ്ടിൽ നിന്നും തുക ചെലവഴിക്കാതെ ഓരോ
മാസവും ചർച്ച് ന്യൂസ് പുറത്തിറക്കുവാൻ
കഴിയുന്നത്. ഇതിനുപിന്നിൽ പ്രവർത്തിക്കുന്ന
എഡിറ്റോറിയൽ ബോർഡ് അംഗങ്ങളെ ദൈവം
അനുഗ്രഹിക്കട്ടെ. തുടർന്നും ഈ പ്രസിദ്ധീകരണം
മുടക്കം കൂടാതെ പുറത്തിറക്കുവാൻ ദൈവം
സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ബിനു.ജി.ആർ
ഇടവക അക്കൗണ്ടന്റ് & ചർച്ച്ന്യൂസ് കൺവീനർ



# എഡിറ്റോറിയൽ

നമുക്ക് പരസ്പരം മനസ്സിലാക്കുവാനും സഭയുടെ പ്രവർത്തനങ്ങൾ അറിയുവാനും വേിയുള്ള നമ്മുടെ മുഖപത്രമായ ചർച്ച് ന്യൂസിന്റെ അൻപതാം പതിപ്പ് ഈ രീതിയിൽ പ്രസിദ്ധീകരിക്കാൻ കഴിഞ്ഞതിൽ ദൈവത്തിന് നന്ദിയർപ്പിക്കുന്നു. ഇതിന്റെ നിലനില്പിനും വികാസത്തിനും വേി അദ്ധ്വാനിച്ച, അദ്ധ്വാനിക്കുന്ന, രചനകൾ തന്ന് സഹായിക്കുന്ന എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.


ഐക്യകേരളപ്പിറവിയുടെ അറുപതാംവാർഷികം അതായത് വജ്രജൂബിലി ആഘോഷിക്കുകയാണല്ലോ നാം. പ്രദേശങ്ങളുടെ ഒരുമ എന്നതിനപ്പുറം ഭാഷയുടെ, സംസ്കാരത്തിന്റെ ഒരുമ കൂടിയാണ് ഐക്യകേരളം. എന്നാൽ വർദ്ധിച്ചുവരുന്ന ജാതിവ്യവസ്ഥയും, സമുദായ സംഘടനാ സമ്മർദ്ദങ്ങളും വർഗ്ഗീയതാല്പര്യവും മൂലം ഐക്യത നഷ്ടപ്പെട്ട കേരളമായിരിക്കുന്നു നമ്മുടെ സംസ്ഥാനം. പ്രശ്നങ്ങളും പ്രതിസന്ധികളും പലതുങ്കെിലും മലയാളിക്ക് മലയാളിയാകാതിരിക്കാൻ കഴിയില്ല. ചരിത്രത്തെക്കുറിച്ച് ഓർക്കുകയും ഭാവിയെപ്പറ്റി ചിന്തിക്കാനുമുള്ളതായിരിക്കട്ടെ ഈ നാളുകൾ.

കുഞ്ഞുങ്ങൾക്ക് വളരെ പ്രാധാന്യം കൊടുക്കുന്ന മാസമാണിത്. ദൈവരാജ്യകേന്ദ്രമായ അവരുടെ ജീവിതത്തിന്റെ പരിപോഷണത്തിന് സസേ്കൂൾ പ്രസ്ഥാനം വഹിച്ചുവരുന്ന സേവനങ്ങൾ വലുതാണ്. പക്വമായ ജീവിതം നയിക്കാൻ അവരെ പ്രാപ്തരാക്കുന്ന അദ്ധ്യാപകരെ നന്ദിയോടെ ഓർക്കാം. സ്വദൃശവാക്യം പഠിപ്പിക്കുന്നതുപോലെ കഠിനാദ്ധ്വാനികളായ ഉറുമ്പിനെപ്പോലെയും, കുഴിമുയലിനെപ്പോലെ ഉറപ്പുള്ള സ്ഥലങ്ങൾ കത്തെുന്നവരായും, രാജാവില്ലാത്ത വെട്ടുക്കിളി സ്വയം നിയന്ത്രിച്ച് പോകുന്നതുപോലെയും പല്ലിയെപ്പോലെ ഏതുസ്ഥാനത്തായാലും ഉറപ്പുള്ള സ്ഥാനങ്ങളിൽ പിടിച്ചുനിൽക്കാൻ കഴിയുന്നവരും ആകണം. സമയം തക്കത്തിൽ ഉപയോഗിച്ചുകൊ് വ്യക്തമായ ഉറപ്പോടെയുള്ള ചിട്ടയായ ജീവിതം ചെയ്യുന്നവർ ഉന്നതനിലകളിൽ എത്തിച്ചേരും.

*പത്രാധിപസമിതിക്കുവേി,*
**സോഫിയ. എസ്. ഡി**


## എഡിറ്റോറിയൽ ബോർഡ്

**റവ. സി. ആർ. വിൻസന്റ്** (ഇടവക അദ്ധ്യക്ഷൻ)
**റവ. അഡ്വ. സജി. എൻ. സ്റ്റുവർട്ട്** (അസോ: പാസ്റ്റർ)
**ബി. ബ്രൈറ്റ്സിംഗ്** (ഇടവക സെക്രട്ടറി)
**ബിനു. ജി. ആർ** (കൺവീനർ)
**റോസിൻജാവർട്ട്. ജെ** (അക്കൗണ്ട്)
**റ്റി. എൽ. സത്യരാജ്** (എഡിറ്റർ)
**ജെ. രത്നരാജ്** (എഡി:ബോർഡ് അഡ്വൈസർ)
**സോഫിയ. എസ്. ഡി** (അസോ: എഡിറ്റർ)
**മോഹനദാസ്. ഡി**
**ജിജിക്കുഞ്ഞ്. സി**
**സുനി എസ്**
**സോഫിൻഡാനിയേൽ**





**Pastor's view**

കർത്താവിൽ പ്രിയരെ,

*"ബാലൻ തന്റെ നടപ്പിനെ നിർമ്മലമാക്കുന്നതെങ്ങനെ? നിന്റെ വചനപ്രകാരം അതിനെ സൂക്ഷിക്കുന്നതിനാൽ തന്നെ." (സങ്കീ: 119:9)*

''ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക; അവൻ വൃദ്ധനായാലും അതു വിട്ടുമാറുകയില്ല." സദൃശ. 22:9-ൽ യിസ്രായേൽ രാജാവായിരുന്ന ദാവീദിന്റെ മകനായ 'ജ്ഞാനികളിൽ ജ്ഞാനി' എന്ന് ലോകം അംഗീകരിച്ച് അറിയപ്പെടുന്ന ശലോമോൻ ജ്ഞാനിയുടെ പ്രസ്താവനയാണിത്. ദൈവ വചനപ്രകാരം കുടുംബങ്ങളിലെ പൈതങ്ങൾ വളർത്തപ്പെടേണ്ടതിന് സണ്ടേസ്കൂൾ ഒരു പ്രധാന പങ്കു വഹിക്കുന്നുണ്ടല്ലോ. എല്ലാവർഷ ങ്ങളിലും നവംബർ മാസം ഒന്നാം ഞായറാഴ്ച അഖിലലോക സണ്ടേസ്കൂൾ ദിനമായി ആചരിക്കുന്നു. തദവസരത്തിൽ നാമോർക്കുന്ന മഹദ് വ്യക്തിയാണ് റോബർട്ട് റെയ്ക്സ്. ആഗോള തലത്തിൽ അറിയപ്പെടുന്ന അനേകം വ്യക്തികളുടെ ജീവിതത്തിൽ ആഴമേറിയ സ്വാധീനം ചെലുത്തിയ സണ്ടേസ്കൂളിന് ഇന്ന് വിവിധ രാജ്യങ്ങളിലായി ഏകദേശം പത്തുകോടിയിലധികം വിദ്യാർത്ഥികളുണ്ട്. ഇംഗ്ലണ്ടിലെ ഗ്ലസസ്റ്റർ പട്ടണത്തിൽ 1736 സെപ്റ്റംബർ 16-ാം തീയതിയാണ് റെയ്ക്സ് ജനിച്ചത്. ഗ്ലസസ്റ്റർ എന്ന പട്ടണം തിരക്കേറിയ വീഥികളും വ്യാപാര സ്ഥാപനങ്ങളും നെയ്ത്തുശാലകളും നിറഞ്ഞ താണ്. അച്ചടിവിദ്യയിൽ പ്രാവീണ്യം നേടിയി രുന്ന റെയ്ക്സ്, ഗ്ലസസ്റ്റർ ജേർണൽ എന്ന പത്രം ആരംഭിച്ചു. ഇംഗ്ലണ്ടിലെ ആദ്യകാല പത്രങ്ങളിലൊന്നായിരുന്നു അത്. തന്റെ ഓഫീസിൽ ജോലിചെയ്യുമ്പോൾ, തെരുവിൽ അലഞ്ഞു നടന്നിരുന്ന കുട്ടികളെ സ്ഥിരമായി കണ്ടിരുന്നു. ഈ കുട്ടികൾക്കുവേണ്ടി റെയ്ക്സ് പ്രത്യേക പഠനസൗകര്യം അവധിദിവസമായ ഞായറാഴ്ചകളിൽ ക്രമപ്പെടുത്തുകയും മധുരപലഹാരങ്ങളുമായി കുട്ടികളെ സമീപിച്ച് അവർക്ക് അക്ഷരാഭ്യാസം നൽകുകയും, മൂല്യബോധവും ജീവിത ലക്ഷ്യവും ഉള്ളവരാക്കുകയും, സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനായി അദ്ദേഹം പരിശ്രമിക്കുകയും ചെയ്തു. ശ്രീമതി കിംഗ്സ് ആയിരുന്നു ആദ്യത്തെ സണ്ടേസ്കൂൾ അധ്യാപിക. പിൽക്കാലത്ത് ലോകം മുഴുവൻ പടർന്നു പന്തലിച്ച വൻപ്രസ്ഥാനമായി സണ്ടേസ്കൂൾ ഇന്നും നിലനിൽക്കുന്നു. നാമും ആഗോള വ്യാപകമായ തിരുസഭയോട് ചേർന്ന് കാട്ടാക്കട ഡിസ്ട്രിക്ടായി റാലിയും മറ്റു പ്രോഗ്രാമുകളും ക്രമീകരിക്കുന്നു. ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ നമ്മുടെ കുഞ്ഞുങ്ങളെ വളർത്തണം എന്നതിന് 119-ാം സങ്കീർത്തനം നൽകുന്ന ചില സൂചനകൾ ചുവടെ ചേർക്കട്ടെ.

1. പാപം ചെയ്യാതിരിക്കേണ്ടതിന്. സങ്കീ–119:11
"....that I might not sin against you"
2. ദൈവഭക്തിയെ വർദ്ധിപ്പിക്കേണ്ടതിന്. സങ്കീ–119:38 "...that you may be feared"
3. കഷ്ടതയിൽ ജീവിപ്പിക്കുന്നതിന്. സങ്കീ–119:50
"My comfort in my affliction"
4. ശത്രുക്കളേക്കാൾ ബുദ്ധിമാൻ ആകേണ്ടതിന്. സങ്കീ–119:98 "...make me wiser than my enemies"
5. ഹൃദയത്തിന്റെ ആനന്ദമാകേണ്ടതിന്. സങ്കീ–119:111 "...the joy of my heart"
6. കാലിന് ദീപവും പാതെക്കു പ്രകാശവും ആകേണ്ടതിന്. സങ്കീ–119:105 "...lamp to my feet and a light to my path"
7. മഹാസമാധാനം ഉള്ളവരാകേണ്ടതിന്. സങ്കീ–119:165 "Great peace have those who love your law"

ഇപ്രകാരം (ദൈവവചനപ്രകാരം) വചനത്തിന്റെ പ്രാധാന്യം അനുസരിച്ച് നമ്മുടെ തലമുറയെ വാർത്തെടുക്കാൻ സർവ്വശക്തനായ ദൈവം നമ്മെ സഹായിക്കട്ടെ.

നവംബർ മാസം 20–ാം തീയതി മഹായിടവക 'മംഗല്യഞായർ' ആയി ആചരിക്കുന്നു. നമ്മുടെ ഡിസ്ട്രിക്ടിൽ നിന്ന് ഒരു പെൺകുട്ടിയും തദവസരത്തിൽ വിവാഹിതയാകുന്നുണ്ട്. 2017 ജനുവരി 26 ന് നടക്കുന്ന ആ ശുശ്രൂഷയ്ക്കായി പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യുന്നതിന് ഓർമ്മിപ്പിക്കുന്നു.

നവംബർ 27 ഞായറാഴ്ച ആഗമന ഞായറാണ്. അന്നേദിവസം കംപാഷൻ ഞായറായും നാം ആചരിക്കുന്നു. യേശുക്രിസ്തു ഭൂമിയിൽ മനുഷ്യനായി കടന്നുവന്ന സന്തോഷം വീണ്ടും ഓർക്കുന്നു. മാത്രമല്ല കരോൾ ശുശ്രൂഷയിലൂടെയും ക്രിസ്തുമസ് ഗാന ശുശ്രൂഷയിലൂടെയും ദൈവത്തെ മഹത്വപ്പെടുത്തുന്നതിനും നമുക്കുള്ള വിഭവങ്ങളിൽ നിന്നും മാറ്റിവച്ച് ക്രിസ്മസ് ധാന്യലേലമായി സമർപ്പിക്കുന്നതിനുമുള്ള അവസരവും ഉണ്ട്. പ്രാർത്ഥനയോടെ അതിനായി കരുതാൻ ഓർമ്മിപ്പിക്കട്ടെ.

നമ്മുടെ സഭയിലെ വിവിധ സംഘടനകളുടെ ഒരുവർഷത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിന് വാർഷിക യോഗങ്ങൾ നടത്തുന്നതും നവംബർ അവസാനമാണ്. എല്ലാ സംഘടനകളിലൂടെയും നടന്ന ശുശ്രൂഷകൾക്കായി ദൈവത്തെ സ്തുതിക്കുന്നു. പുതിയ വർഷത്തിലും ദൈവത്തിനായി ശുഷ്കാന്തിയോടെ പ്രവർത്തിക്കാൻ ദൈവം നമ്മെ സഹായിക്കട്ടെ.

ഇന്റർലോക്കിന്റെ പണികൾ ആരംഭിക്കുവാൻ ദൈവം സഹായിച്ചു. അതിന്റെ വിജയത്തിനായി പ്രാർത്ഥിക്കുന്നതിനും സാമ്പത്തികമായ സഹായ സഹകരണങ്ങൾ നൽകുന്നതിനും ഏവരും ശ്രമിക്കുന്നതോർത്ത് ദൈവനാമത്തിൽ സ്തോത്രം ചെയ്യുന്നു. വാഗ്ദാനതുകകളായി കഴിവിന്റെ പരമാവധി നൽകി അനുഗ്രഹം പ്രാപിപ്പാൻ ദൈവം നമ്മെ സഹായിക്കട്ടെ.


വാർഡ് കൺവെൻഷൻ ഈ മാസം 13–ാം തീയതി ഞായറാഴ്ച ആറാം വാർഡ് (കട്ടയ്ക്കോട്) കേന്ദ്രമാക്കിയാണ് നടക്കുന്നത്. ശ്രീമതി ഫ്രീഡാക്രിസ്റ്റഫർ (Rtd. H.S.S. Principal Thiruvananthapuram) ആണ് തിരുവചന ശുശ്രൂഷ നടത്തുന്നത്. എല്ലാവരും പ്രാർത്ഥന യോടും ഒരുക്കത്തോടും കടന്നുവന്ന് ദൈവാനു ഗ്രഹം പ്രാപിക്കുക.

All Saint's day, All Soul's day എന്നിവ നവംബർ മാസത്തിൽ ഓർക്കുന്ന വിശേഷ ദിനങ്ങളാണ്. ഈ ദിനങ്ങളിൽ നമ്മെ വിട്ടു ദൈവസന്നിധിയിൽ ചേർക്കപ്പെട്ട കുടുംബാംഗങ്ങളെ ഓർക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാറുണ്ട്. നമ്മുടെ പാരമ്പര്യമനുസരിച്ച് ഓർമ്മനാളുകളായാണ് ഇത് ആഘോഷി ക്കുന്നത്.

കഴിഞ്ഞമാസത്തിൽ നമ്മുടെ കുടുംബത്തിലെ രണ്ട് അംഗങ്ങൾ കർത്താവിൽ നിദ്രപ്രാപിച്ചു. ശ്രീമതി എൽസി എന്ന മാതാവും അവരുടെ മരുമകൻ ശ്രീ. സത്യനേശൻ എന്ന സഹോദരനും. കോട്ടാക്കുഴിയിൽ ഉള്ള ഈ കുടുംബാംഗങ്ങളെ നമുക്ക് പ്രാർത്ഥനയിൽ വഹിക്കാം. പാലിയേറ്റീവ് കെയറിലൂടെയും പൂവർ ഫണ്ടിന്റെ സഹായത്തോടെയും ഈ കുടുംബത്തെ അവരുടെ പ്രതിസന്ധിയിൽ സഹായിപ്പാൻ നമുക്ക് കഴിഞ്ഞതോർത്ത് ദൈവത്തിന് സ്തോത്രം ചെയ്യുന്നു.

പ്രാർത്ഥനകളോടെ കർത്തൃശുശ്രൂഷയിൽ നിങ്ങളുടെ,

**വിൻസന്റ് അച്ചൻ.**





റവ: അഡ്വ:സജി എൻ. സ്റ്റുവർട്ട്

# ശൂനേമിലേയ്ക്കുള്ള യാത്ര

യാത്ര എന്ന പദം വിശാലമായ അർത്ഥ തലങ്ങളുള്ളതാണ്. ശൂനേമിലേയ്ക്കുള്ള യാത്ര യിലൂടെ അഞ്ച് വ്യത്യസ്ത വ്യക്തികളെ പരിചയ പ്പെടാം. നമ്മിൽ ആരൊക്കെയോ ഇതിൽ അന്തർ ലീനമായിരിക്കുന്നു.

**1. എലീശാ പ്രവാചകൻ**

വിശുദ്ധനായ ദൈവപുരുഷൻ എന്ന നാമവിശേഷണത്തിലൂടെ ഇദ്ദേഹത്തെ പരിചയ പ്പെടുത്തിയിരിക്കുന്നു. ദൈവത്താൽ അസാദ്ധ്യ മായതൊന്നുമില്ല എന്നത് തന്റെ ജീവിത ത്തിലൂടെ വെളിപ്പെടുത്തുന്ന അസാധാരണ പ്രവാചകൻ, പ്രതീക്ഷ കൈവിട്ട കുടുംബത്തിന് പുത്തൻ പ്രതീക്ഷ നൽകുന്നു. ഏകമകൻ മരിച്ചപ്പോൾ പുതുജീവൻ നൽകാൻ ദൈവം ഒരുക്കുന്ന വ്യക്തിത്വം. വിഷമയമായ ഭക്ഷണത്തെ ഉപയോഗയോഗ്യമാക്കുന്നു. ഏലിയാവിൽ നിന്നും ഇരട്ടി ഓഹരി ലഭ്യമായ പ്രവാചകൻ.

**2. ഗേഹസി**

എലീശയുടെ ബാല്യക്കാരൻ ആയ ഗേഹസി വിശ്വാസ ജീവിതവും വിശ്വാസ രാഹിത്യവും ഒരേസമയം തുറന്നുകാട്ടുന്നു. കുടുംബത്തിന്റെ ആവശ്യം ഒരു മകനാണെന്ന് പ്രവാചകനെ ധരിപ്പിക്കുകയും, അതേസമയം മരണപ്പെട്ട അതേ മകന് പുതുജീവൻ പകർന്നുനൽകാൻ കഴിയാതെ നിൽക്കുന്നതും കാണുന്നു. ലാഭക്കൊതികൊണ്ട് കുഷ്ഠരോഗി യായിത്തീരേണ്ടിവന്ന അവസ്ഥയെയും നാം കാണുന്നു. ഒരേ സമയം രണ്ടു സ്വഭാവം കാട്ടാൻ കഴിയുന്ന ഒരു വ്യക്തിയെ ഗേഹസിയിലൂടെ നമുക്ക് പരിചയപ്പെടാം.

**3. ശൂനേംകാരത്തി**

ധനികയായ ഒരു സ്ത്രീ; ഇവർ ദൈവപുരുഷന്മാരെ തിരിച്ചറിഞ്ഞു. ചുവരോടു കൂടിയ ചെറിയൊരു മാളികമുറി പണിതുണ്ടാക്കി, അതിൽ ഒരു കട്ടിലും മേശയും ഒരു നാല്ക്കാ ലിയും ഒരു നിലവിളക്കും വച്ചു (2 രാജാക്കന്മാർ 4:10). അതിഥികൾക്ക് ആവശ്യമായ ഭക്ഷണ പദാർത്ഥങ്ങൾ പാചകം ചെയ്തുനൽകുക എന്നത് ആ സ്ത്രീയുടെ പ്രത്യേകത ആയിരുന്നു. ദൈവപുരുഷനെ അംഗീകരിച്ചതിലൂടെ കുടുംബം തന്നെ സന്തോഷപൂർണ്ണമായി തീർന്നത് ശ്രദ്ധേയമാണ്. തങ്ങളുടെ സമ്പത്തിൽ മതിമറന്ന് ദൈവപുരുഷന്മാരെ അവഗണിക്കുന്ന വ്യക്തി

ജീവിതങ്ങളെ ഈ ശൂനേംകാരത്തിയിലൂടെ ദൈവം അനുഗ്രഹത്തിലേക്ക് ക്ഷണിക്കുകയാണ്.

**4. ശൂനേംക്കാരത്തിയുടെ ഭർത്താവ്**

വളരെ പ്രാധാന്യം ഒന്നും അദ്ദേഹത്തിന് ഇല്ലെങ്കിലും ശൂനേംകാരത്തിയുടെ അഭിപ്രായങ്ങളെ മാനിക്കുന്ന വൃദ്ധനായ ഭർത്താവിനെ നമുക്ക് ഇവിടെ കാണാം. മകൻ മരിച്ചതിനെ തുടർന്ന് ശൂനേംകാരത്തി സ്ത്രീ ദൈവപുരുഷന്റെ അടുക്കൽ പോകുവാനായി തത്രപ്പെടുമ്പോൾ ഇത് ശബത്തല്ല, അമാവാസിയും അല്ല തുടങ്ങിയ ഒഴിവുകഴിവുകൾ പറയുന്ന ഒരു വ്യക്തിയാണിദ്ദേഹം. പ്രവർത്തനങ്ങളുടെ മുൻനിരയിൽ കടന്നുവരാതെ പിന്നിലോട്ട് വലിക്കുന്ന വാചാലരായ വ്യക്തിത്വങ്ങളെ ഈ ശൂനേംകാരത്തിയുടെ ഭർത്താവിലൂടെ നമുക്ക് പരിചയപ്പെടാം.

**5. മകൻ**

ഈ സംഭവ വിവരണത്തിലെ പ്രധാന വ്യക്തിയാണ് ശൂനേംകാരത്തിയുടെ മകൻ. ദാമ്പത്യജീവിതത്തിൽ മക്കളെ ലഭ്യമാകുന്നതിനുള്ള സാധ്യതകൾ അസ്തമിച്ച അവസ്ഥയിൽ നിന്ന് ലഭ്യമായ മകൻ. മരണത്തിന് കീഴ്പ്പെട്ടപ്പോൾ ശൂനേംക്കാരത്തിയുടെ വിശ്വാസപൂർണ്ണമായ പ്രവർത്തനത്തിലൂടെ തിരികെ ലഭ്യമായ മകൻ ജീവിക്കുന്ന ഒരു സാക്ഷ്യമാണ്. കഠിനാദ്ധ്വാനത്തിലൂടെ പ്രവർത്തനങ്ങളിലേർപ്പെടുമ്പോൾ നമ്മുടെ സ്വപ്നപദ്ധതികളെല്ലാം വിജയതീരമണയുമെന്നതിന്റെ ഉത്തമോദാഹരണമാണ് ഈ മകൻ.

**ഉപസംഹാരം**

വ്യത്യസ്തരായ വ്യക്തികളെ നാം പരിചയപ്പെടുമ്പോൾ ശൂനേംകാരത്തി സ്ത്രീ നമുക്ക് ഒരു മാർഗ്ഗദീപമാകട്ടെ. പരാജയത്തെ, വിശ്വാസത്തിൽ ബലപ്പെട്ട് വിജയമാക്കിത്തീർത്ത ശൂനേംകാരത്തി നമുക്ക് ഊർജ്ജമാകട്ടെ. മകന്റെ മരണത്തെ നിശ്ചയദാർഢ്യത്തിലൂടെ ഉയിർത്തെഴുന്നേൽപ്പാക്കി മാറ്റിയ ശൂനേംകാരത്തി, ഏതുപരാജയത്തെയും വിജമാക്കിമാറ്റാൻ ദൈവത്താൽ സാധ്യമാണ് എന്ന നിത്യസത്യം നമ്മെ വീണ്ടും ഓർമ്മപ്പെടുത്തുന്നു. ○


# വൃദ്ധജന കൺവെൻഷൻ

## സീനിയർ സിറ്റിസൺസ് ഫെല്ലോഷിപ്പ്

### സി.എസ്.ഐ.കാട്ടാക്കട

**2016 നവംബർ 24 വ്യാഴാഴ്ച വൈകുന്നേരം 6 മണി**

**അദ്ധ്യക്ഷൻ : റവ. സി.ആർ.വിൻസന്റ്** (ഡി:ചെയർമാൻ, കാട്ടാക്കട)

**ഉദ്ഘാടകൻ : സാധു ചീനിവിള ഡെന്നിസൻ പ്രസംഗിയാർ**

**മുഖ്യപ്രസംഗകൻ: റവ. ജോൺസൻ.കെ** (മാർത്തോമാ മിഷൻ സെന്റർ)

**സാന്നിദ്ധ്യം : റവ. അദ്ധ്യ. സജി എൻ.സ്റ്റുവർട്ട്** (സി.എസ്.ഐകാട്ടാക്കട)

*വൈകുന്നേരം 6 മണി മുതൽ ഫീനിക്സ് ഓർക്കസ്ട്രയുടെ ഗാനശുശ്രൂഷ ഉായിരിക്കുന്നതാണ്. ഏവരുടെയും പ്രാർത്ഥനയോടുകൂടിയ സാനിദ്ധ്യ-സഹകരണം അഭ്യർത്ഥിക്കുന്നു.*

സീനിയർ സിറ്റിസൺസ് ഫെല്ലോഷിപ്പിനുവേണ്ടി,


**വി.കെ.ആൻസലം**
കൺവീനർ

**ഡി.ക്രിസ്തുദാസ് സാരസം**
സെക്രട്ടറി

# വിശ്വചൈതന്യം



വിണ്ണിന്റെ വിസ്മയം
കണ്ടു കൈകൂപ്പുന്നു
വിദ്വൽജ്ജനം, ജ്ഞാന
ദൃഷ്ടിയുള്ളോർ....
സത്തുമസത്തുമപം
പ്രാർത്ഥിച്ചുൻമയെ
കണ്ടു കാലം നിന്നു
ബദ്‌ലഹേമിൽ...!!
അന്ധതമസ്സിന്റെ
സിംഹാസനങ്ങളും
ആശയറ്റാലംബ–
മില്ലാത്തോരും
വിസ്മയചിത്തരായ്
കാണുന്നു, സത്യത്തെ
ഹൃത്തടങ്ങൾ പൂത്തു
പുൽക്കൂടുയിർത്തൂ...
സന്മനസ്സുള്ളവർക്കെന്നും
സ്സമാധാനം
എന്നുഘോഷിക്കുമീ
സ്സൽമുഹൂർത്തം
മാനസക്ഷേത്രത്തി
ലെന്നും പ്രതിധ്വനി
ച്ചീവിശ്വചൈതന്യ
മായി നിൽപ്പൂ...



വെള്ളനാട് ഡെന്നിസൻ





സിനുസത്യൻ

# യുവജനത സൈബർ യുഗത്തിൽ

യൗവ്വനം ജീവിതത്തിലെ ഏറ്റവും മനോഹരമായ കാലഘട്ടമാണ്. ഒരായിരം സ്വപ്നങ്ങളും പ്രതീക്ഷകളും, ഏഴഴകുള്ള പീലിവിടർത്തിയാടുന്ന സുന്ദരകാലം. ഓജസ്സും, തേജസും, പ്രസരിപ്പും, കരുത്തും, സൗന്ദര്യവും, സ്വാധീനതയും പരകോടിയിലെത്തുന്നതും യൗവ്വനകാലഘട്ടത്തിലാണ്. ശാന്തമായൊഴുകി ലക്ഷ്യസ്ഥാനത്ത് എത്തേണ്ട പുഴപോലെയുള്ള ഈ യുവത്വം ഇന്ന് ലക്ഷ്യം തെറ്റിയ യാത്രയിലാണ്. ''യൗവ്വനക്കാരാ നിന്റെ യൗവ്വനത്തിൽ സന്തോഷിക്ക യൗവ്വനകാലത്തിൽ നിന്റെ ഹൃദയം സന്തോഷിക്കട്ടെ'' എന്നു സഭാപ്രസംഗി പറയുമ്പോഴും "നിന്റെ യൗവ്വനകാലത്ത് നിന്റെ സ്രഷ്ടാവിനെ ഓർത്തുകൊൾക' എന്നു കൂടി ഓർമ്മിപ്പിക്കുന്നു.

നേട്ടങ്ങൾ കൊയ്തെടുക്കുവാനും, ഏറ്റവും കൂടുതൽ അറിവ് ചുരുങ്ങിയ കാലത്തിനുള്ളിൽ നേടുവാനും ഭൗതിക നേട്ടങ്ങൾ വെട്ടിപ്പിടിക്കുവാനും താൽപര്യമുള്ള ഒരു വ്യവസ്ഥിതി ദ്രുതഗതിയിൽ രൂപപ്പെട്ടുകൊണ്ടിരിക്കുന്നു. ഈ ആധുനിക യുഗത്തിൽ നാം ഒന്നു തിരിച്ചറിയേണ്ടിയിരിക്കുന്നു. പാണ്ഡിത്യം വ്യക്തിയെ ജ്ഞാനിയാക്കുന്നില്ല. അറിവിന്റെ കൂടെ പക്വതയും, മൂല്യബോധവും കൂടിച്ചേരുമ്പോൾ മാത്രമേ ജ്ഞാനം നേടുവാൻ കഴിയുകയുള്ളൂ.

മനുഷ്യന്റെ ദൈവിക ചിന്തകളെയും, ആത്മീയതയെയും കാർന്നുതിന്നുന്ന ഒരു സൈബർ യുഗത്തിലാണ് നാം ജീവിക്കുന്നത്. യൗവ്വനകാലത്ത് സ്രഷ്ടാവിനെ ഓർത്ത് ജീവിക്കേണ്ടതിന് പകരം ആൾ ദൈവങ്ങൾ യുവജനതയുടെ ഹീറോ ആയിക്കൊണ്ടിരിക്കുന്ന കാലമാണിത്. യുവതലമുറയും യുവജനപ്രസ്ഥാനങ്ങളും കത്തിജ്വലിച്ചു നിൽക്കുന്ന സൂര്യനെപ്പോലെയാണ്. ചിന്തകളിലും പ്രവർത്തനങ്ങളിലും വളരെ വേഗതയുണ്ടെങ്കിലും യുവജീവിതങ്ങൾക്ക് ഇത് ഒരേസമയം ഗുണമായും ദോഷമായും ഭവിക്കാറുണ്ട്.

നന്മയെക്കാൾ തിന്മപ്രവർത്തനങ്ങളാണ് ഇന്ന് ലോകത്ത് നടക്കുന്നത്. സ്വന്തം ഭൗതിക നേട്ടങ്ങൾക്കായി സഹോദരനെയോ, സുഹൃത്തിനെയോ, മാതാപിതാക്കളെയോ ഇല്ലാതാക്കുവാൻ യുവജനങ്ങൾക്കു ഒരു മടിയുമില്ലാതായിരിക്കുന്നു. "ഹാ! മായാമായ സകലവും മായ" എന്നാണ് സഭാപ്രസംഗി ജീവിതത്തെക്കുറിച്ച് പറഞ്ഞിട്ടുള്ളത്.

## യുവജനങ്ങൾ - ഭവനത്തിൽ

കൂടുമ്പോൾ ഇമ്പമുള്ളതാവണം കുടുംബം. എന്നാൽ ഇന്ന് കൂടുമ്പോൾ ''ഭൂകമ്പ"മാണ് പല ക്രിസ്തീയ ഭവനങ്ങളിലും നടക്കുന്നത് എന്നത് ഖേദകരമാണ്. യുവജനങ്ങളുടെ മദ്യപാനം, ലഹരിമരുന്ന് ഉപയോഗം, മുതിർന്നവരോട് പെരുമാറാനറിയാതെയുള്ള എടുത്തുചാട്ടങ്ങൾ ഇതെല്ലാം ക്രിസ്തീയ ഭവനങ്ങളിലെ അസമാധാനത്തിന് ചിലകാരണങ്ങൾ മാത്രം. മാതാപിതാക്കളെയും, കുടുംബത്തിലെ മുതിർന്നവരെയും ബഹുമാനിക്കാനും അനുസരിക്കാനും സഹോദരങ്ങളെ കരുതാനും അവർക്കുമാതൃകയായിരിക്കാനും യുവജനങ്ങൾക്കു കഴിയണം. കോളേജിലും, ഓഫീസിലും നിന്ന് വന്നതിനുശേഷം ഫെയ്സ്ബുക്കിലും വാട്സാപ്പിലും അധികസമയം ചെലവിടാതെ കുടുംബാംഗങ്ങളോട് സംസാരിക്കാനും സന്ധ്യാസമയത്തെ ഭവന പ്രാർത്ഥനയിൽ ആത്മാർത്ഥതയോടെ പങ്കെടുക്കുവാനും യുവജനത ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

## യുവജനത-സമൂഹത്തിലും കലാലയത്തിലും


ക്രൈസ്തവസഭ വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. ജനമല്ലാതിരുന്ന നമ്മെ മഹാജനമാക്കി മാറ്റിയതിൽ വിദ്യാഭ്യാസത്തിന് വലിയൊരു പങ്കുണ്ട്. എന്നാൽ ഉന്നത വിദ്യാഭ്യാസം നേടിയ യുവജനത വിവേകമില്ലാതെ പ്രവർത്തിക്കുന്നത് ഖേദകരം തന്നെ. അദ്ധ്യാപകരെ ആക്രമിക്കുന്നതും ഏതെങ്കിലുമൊരു രാഷ്ട്രീയപാർട്ടിയുടെ കൊടിപിടിച്ച് സഹപാഠികളെ തല്ലിച്ചതയ്ക്കുന്നതും വഴിവിട്ട സ്നേഹബന്ധങ്ങളുമെല്ലാം യുവത്വത്തിന്റെ മൂല്യച്യുതി എടുത്തുകാട്ടുന്നു. അദ്ധ്യാപകരോട്, ബഹുമാനത്തോടും വിനയത്തോടും പെരുമാറാനും നല്ല സുഹൃദ്ബന്ധങ്ങൾ സ്ഥാപിക്കാനും യുവജനങ്ങൾക്ക് കഴിയണം. നല്ല സുഹൃത്തുക്കൾ നമ്മുടെ ജീവിതത്തിലെ നിധികളായിരിക്കും. സൗഹൃദങ്ങൾ സ്വാർത്ഥ മോഹങ്ങൾക്കു വേണ്ടിയാകരുത്.

ഒരു ക്രൈസ്തവ യുവാവ്/ യുവതി എങ്ങനെ എന്നത് സമൂഹം ശ്രദ്ധിച്ചുകൊണ്ടിരിക്കും. നമ്മുടെ നടപ്പിലും പ്രവൃത്തിയിലും നാമെപ്പോഴും മറ്റുവള്ളവർക്കു മാതൃകയായിരിക്കണം. സമൂഹത്തിനോടുള്ള ഇടപെടൽ മാന്യമായിരിക്കണം. പ്രതികരിക്കേണ്ട സ്ഥാനത്ത് നാം മാന്യമായിത്തന്നെ പ്രതികരിക്കണം. യാത്രാമധ്യേ സംഭവിക്കുന്ന അപകടങ്ങളുടെയും മറ്റ് ദുഷ്പ്രവൃത്തികളുടെയും ഫോട്ടോ എടുത്ത് ഫെയ്സ്ബുക്കിലും വാട്സാപ്പിലും ഷെയർ ചെയ്ത് ലൈക്കുകൾ നേടുന്ന വൃത്തികെട്ട ഭ്രാന്തൻ സംസ്ക്കാരത്തിനു പിന്നാലെ നാം പോകാതെ, നമ്മുടെ സുഹൃത്തോ, സഹോദരനോ ആണ് അപകടത്തിൽ പെട്ടത് എന്ന ചിന്തയോടെ നാം ഉണർന്നു പ്രവർത്തിക്കണം. കാരണം നാമും യാത്രക്കാരാണ്. അപകടം ആർക്കും സംഭവിക്കാമല്ലോ...

## യുവജനത - സഭയിൽ

ഇന്ന് യുവജനത പലപ്പോഴും Out of Coverage Area-യിൽ ആയിരിക്കും. പലരും സ്നേഹത്തോടെ നമ്മെ വിളിക്കുമ്പോൾ നാം busy ആയിരിക്കും. സഭയിലെ പ്രവർത്തനങ്ങളിൽ യുവജനങ്ങളുടെ പങ്കാളിത്തം വളരെ കുറവായികാണുന്നത് ചിന്തിക്കേണ്ട വിഷയമാണ്. നമുക്ക് ആയുസും ആരോഗ്യവും തന്ന ദൈവത്തെ സ്തുതിക്കാൻ ആഴ്ചയിലൊരിക്കൽ ഏതാനും മണിക്കൂറുകൾ ദൈവാലയത്തിലെത്താൻ നാം സമയം കണ്ടെത്തുന്നില്ല. പഠനത്തിനും, തൊഴിലിനുമായി തിരക്കുപിടിച്ചോടുന്ന യുവതലമുറ ഒരു കാര്യം ചിന്തിക്കേണ്ടതാണ്; ജീവിതവും നമ്മുടെ സൗഭാഗ്യങ്ങളുമെല്ലാം ദൈവം തന്നതാണ്. വിശുദ്ധ മത്തായി എഴുതിയ സുവിശേഷം 6:33-ൽ ഇങ്ങനെ പറയുന്നു; 'മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ അതോടുകൂടെ സകലവും നിങ്ങൾക്കുലഭിക്കും". യഹോവയെ അന്വേഷിക്കുന്നവർക്കു ഒരു നന്മയ്ക്കും കുറവില്ല എന്നു സങ്കീർത്തനക്കാരൻ പറയുന്നു.

അതുപോലെ വ്യക്തിജീവിതവും നമ്മുടെ വാക്കും പ്രവർത്തിയുമെല്ലാം ദൈവത്തിന് പ്രസാദമുള്ളതായിരിക്കണം. ഈ ലോകം വളരെയധികം പ്രലോഭനങ്ങൾ നിറഞ്ഞതാണ്. ദൃശ്യമാധ്യമങ്ങളും (social Media) ഗ്രൂപ്പുകളും പലവിധ ഫാഷൻ തരംഗങ്ങളും യുവജനതയെ വളരെയേറെ സ്വാധീനിച്ചുകൊണ്ടിരിക്കുന്നു. ലോകത്തിന്റെ വിവിധ കോണുകളിലെ അപരിചിതരായ friends-മായി ചാറ്റിങ് നടത്തി പലവിധ ചീറ്റിങ്ങിലകപ്പെടുന്നവരിൽ നമ്മുടെ ക്രിസ്തീയ യുവസുഹൃത്തുക്കളും ധാരാളമുണ്ട് എന്നത് വളരെ ദുഃഖകരമാണ്. ലോകത്തിന്റെ വെളിച്ചമായി മാറേണ്ട നാം വെളിച്ചം നഷ്ടമായ മങ്ങിയ കരിന്തിരികളായി മാറാൻ പാടില്ല. ലോകത്തിന് വെളിച്ചമായി നാം മാറുമ്പോൾ ലോകം നമ്മിലൂടെ നന്മയെകാണും. സ്വയമെരിഞ്ഞ് മെഴുകുതിരി മറ്റുള്ളവർക്കു വെളിച്ചം പകരുന്നതുപോലെ മറ്റുള്ളവർക്കും നമ്മുടെ ജീവിതത്തിലും പ്രകാശം പരത്തുവാൻ ദൈവം നമ്മെ സഹായിക്കുമാറാകട്ടെ.



# നീറോ വീണവായിച്ചപ്പോൾ



വിൽഫ്രഡ് രാജ്

‘‘റോമാ നഗരം കത്തിയെരിഞ്ഞപ്പോൾ വീണവായിച്ച നീറോയെപ്പോലെ’’ എന്ന പ്രയോഗം നമ്മൾ കേട്ടിരിക്കും. നീറോ വീണ വായിക്കാനിടയായ തീപിടിത്തം സഭാ ചരിത്രത്തിലെ ഒരു വഴിത്തിരിവായിരുന്നു. മൂന്ന് നൂറ്റാണ്ടോളം നീണ്ട പീഡനങ്ങൾക്കും രക്തരൂക്ഷിതമായ ചെറുത്തുനിൽപ്പിനും ഒടുവിൽ ക്രിസ്തീയ സഭ അനിഷേധ്യമായ ശക്തിയായി വളരുകയായിരുന്നു.

ക്രിസ്തുവർഷം 54 മുതൽ 68 വരെ റോമാ സാമ്രാജ്യം ഭരിച്ചിരുന്ന നീറോ ചക്രവർത്തി ക്രൂരതയുടെയും അരക്കിറുക്കിന്റെയും പര്യായമായാണ് ചരിത്രത്തിൽ അറിയപ്പെടുന്നത്. അപ്പോസ്തലൻമാരായ പത്രോസിനേയും പൗലോസിനേയും വധിച്ചത് ഇദ്ദേഹത്തിന്റെ കാലത്താണ്. റോമാ സാമ്രാജ്യത്തിൽ നിന്നും ക്രിസ്ത്യാനികളെ ഉന്മൂലനം ചെയ്യാൻ കച്ചകെട്ടിയിറങ്ങിയ ഇദ്ദേഹം, സഭാചരിത്രത്തിലെ മഹോപദ്രവകാലം ഉദ്ഘാടനം ചെയ്യുകയായിരുന്നു.

ക്രിസ്ത്യാനികളെപ്പറ്റി നീറോയ്ക്ക് നിരവധി തെറ്റിദ്ധാരണകളുണ്ടായിരുന്നു. ഇവർ ആഭിചാരം ചെയ്യുകയാണെന്ന് അദ്ദേഹം കരുതി. തിരുവത്താഴത്തിന് എബ്രായ ഭാഷയിൽ “കൊർബാൻ’’ (ബലി) എന്നാണ് പറഞ്ഞിരുന്നത്. തിരുവത്താഴ ശുശ്രൂഷയിൽ മനുഷ്യബലി നടത്തുന്നുണ്ടെന്നും, തുടർന്ന് ആ മാംസവും രക്തവും എല്ലാവരും പങ്കിട്ട് ഭക്ഷിക്കുമെന്നും നീറോ വിശ്വസിച്ചു. രാജ്യത്ത് പ്രളയമോ, വരൾച്ചയോ, ദാരിദ്ര്യമോ, പ്രകൃതി ദുരന്തങ്ങളോ ഉണ്ടായാൽ അതിനെല്ലാം കാരണം ക്രിസ്ത്യാനികളുടെ സാന്നിദ്ധ്യമാണെന്ന് അദ്ദേഹം വ്യഖ്യാനിച്ചു. അതുകൊണ്ട് ക്രിസ്ത്യാനികളെ മുഴുവൻ കൊന്നൊടുക്കിയാലേ രാജ്യത്ത് ഐശ്വര്യമുണ്ടാകൂ എന്ന് ആത്മാർത്ഥമായി വിശ്വസിച്ച അദ്ദേഹം അതിനുള്ള ഉപായമെന്ന നിലയ്ക്കാണ് സഭയ്ക്കെ

തിരെ കഠോരമായ ഉപദ്രവങ്ങൾ അഴിച്ചുവിട്ടത്.

മനുഷ്യരെ ക്രൂരമായി ഉപദ്രവിച്ച് അതിൽ ആനന്ദം കണ്ടെത്തിയിരുന്നവരായിരുന്നു റോമാ ചക്രവർത്തിമാരും പ്രഭുക്കന്മാരും. അടിമകളെയും കുറ്റവാളികളേയുമാണ് ഇത്തരത്തിൽ ഉപദ്രവിച്ചിരുന്നത്. സാമ്രാജ്യത്തിന്റെ തലസ്ഥാനമായ റോമാ നഗരത്തിൽ "കൊളോസിയം'' എന്ന് പേരുള്ള ഒരു സ്റ്റേഡിയം ഉണ്ടായിരുന്നു. ഇതിന്റെ അവശിഷ്ടങ്ങൾ ഇപ്പോഴും അവിടെയുണ്ട്. വൈകുന്നേരങ്ങളിൽ ഉന്നതകുലജാതരായ ധാരാളം ആളുകൾ തടിച്ചുകൂടിയിരുന്നു. അടിമകളേയും കുറ്റവാളികളേയും പീഡിപ്പിക്കുന്നതു കാണാൻ പണം കൊടുത്ത് ചീട്ടുകളും വാങ്ങിയാണ് അവർ ഇവിടെ പ്രവേശിച്ചിരുന്നത്. നീറോ ചക്രവർത്തി ആയതോടെ ഇവിടത്തെ സ്ഥിരം വേട്ടമൃഗങ്ങൾ ക്രിസ്ത്യാനികളായി. ഒരാൾ ക്രിസ്ത്യാനിയായാൽ അയാൾ അപ്രഖ്യാപിത കുറ്റവാളിയായെന്നും അയാളെ ഉപദ്രവിക്കുന്നതിന് ആരുടെയെങ്കിലും അനുമതിയോ കോടതിയിൽ വിചാരണ ചെയ്യേണ്ട ആവശ്യം പോലുമോ വേണ്ടെന്ന നിലയിലായി.

ഒരാഴ്ചയോളം പട്ടിണിക്കിട്ട ഒരു സിംഹത്തെ കൂട്ടിലടച്ച് കൊളോസിയത്തിൽ തടിച്ചുകൂടിയിരുന്ന വിശിഷ്ട വ്യക്തികളുടെ മുന്നിൽ പ്രദർശിപ്പിക്കുമായിരുന്നു. തുടർന്ന് ഈ കൂട്ടിലേക്ക് ഒരു ക്രിസ്ത്യാനിയെ ഇട്ടുകൊടുക്കും. സിംഹം ഈ ഹതഭാഗ്യനെ കൊന്ന് തിന്നുന്നത് കണ്ട് കൂടിയിരുന്നവർ ഹർഷാരവം മുഴക്കിയിരുന്നു.

ക്രിസ്ത്യാനികളെ ഉപദ്രവിക്കാനായി പുതിയ പുതിയ മാർഗ്ഗങ്ങൾ നീറോ ആലോചിച്ചു. തത്ഫലമായി അന്നുവരെ മനുഷ്യരാരും കേട്ടിട്ടുപോലുമില്ലാത്ത തരം മൃഗീയമായ പല വിനോദങ്ങളും ഉടലെടുത്തു. കൊളോസിയത്തിന്റെ മദ്ധ്യത്തിലെ ചെറിയ മൈതാനത്ത് വലിയ കുഴികൾ കുഴിച്ച് ക്രിസ്ത്യാനികളെ അതിലിറക്കി കഴുത്ത് വരെ മണ്ണിട്ട് മൂടിയിരുന്നു. തലമാത്രം മണ്ണിനു മുകളിൽ കാണാവുന്ന വിധം. എന്നിട്ടു പരിശീലനം ലഭിച്ച ആനകളെ അവിടേക്കു തുറന്നുവിടും. സർക്കസിലെ ആനകൾ പന്ത് തട്ടിത്തെറിപ്പിക്കുന്നതുപോലെ ഈ തലകൾ ഒന്നൊന്നായി അവ തട്ടിത്തെറിപ്പിക്കും. ഒന്നു ഞരങ്ങാൻ പോലുമാകാതെ ആ നിരപരാധികൾ ജീവൻ വെടിയും. ഇതുകണ്ട് ആർത്തുവിളിക്കാൻ കാണികളുമുണ്ടാകും.

നീറോയുടെ കാലത്ത് രാത്രിയിൽ ഉദ്യാനവിരുന്നുകൾ സാധാരണമായിരുന്നു. കൊട്ടാരത്തിന്റെ മുറ്റത്തെ പൂന്തോട്ടത്തിൽ നേരം വെളുക്കുന്നതുവരെ അതിഥികൾ തിന്നും കുടിച്ചും ആഹ്ലാദിച്ചിരുന്നു. ഇവർക്ക് വെളിച്ചം നൽകാനായി അവിടവിടെയായി കുത്തിനിർത്തിയ കമ്പികളിൽ തുണിചുറ്റി എണ്ണയൊഴിച്ച് തീ കൊളുത്തുമായിരുന്നു. നീറോയുടെ ക്രൂരബുദ്ധിയിൽ തോന്നിയ ഉപായമനുസരിച്ച്, നൂറുകണക്കിന് ക്രിസ്ത്യാനികളെ ഈ കമ്പിത്തൂണുകളിൽ പിടിച്ചുകെട്ടി. അവരുടെ ദേഹത്ത് തുണി വരിഞ്ഞുകെട്ടി എണ്ണയൊഴിച്ച് തീയിട്ടു. പന്തം പോലെ നിന്നു കത്തുന്ന ക്രിസ്ത്യാനികളുടെ ശരീരത്തിൽ നിന്ന് പ്രസരിക്കുന്ന വെളിച്ചത്തിൽ റോമിലെ വരേണ്യവർഗ്ഗം കുടിച്ച് കൂത്താടി.


റോമിലെ തീപിടുത്തത്തിലേക്ക് തന്നെ മടങ്ങിവരാം. നഗരത്തിലെ വൃത്തികെട്ട തെരുവുകൾ നീക്കം ചെയ്ത് അവിടെ മനോഹരമായ ഒരു കൊട്ടാരം പണിത് നഗരം മൊത്തമായി മോടിപിടിപ്പിക്കാൻ നീറോ ആഗ്രഹിച്ചു. ഇവിടെ നിന്നും ജനങ്ങളെ ഒഴിപ്പിച്ചാൽ കഠിനമായ എതിർപ്പുണ്ടാകുമെന്നറിയാമായിരുന്ന നീറോയുടെ കുത്സിതബുദ്ധിയിൽ തോന്നിയ ഉപായമായിരുന്നു റോമിലെ തീപിടുത്തം. തന്റെ അനുയായികളെകൊണ്ട് സീസർ (ചക്രവർത്തി) തന്നെ നഗരത്തിന് തീവയ്പ്പിക്കുകയായിരുന്നുവെന്ന് സമകാലിക ചരിത്രകാരന്മാർ എഴുതുന്നു. അഞ്ചു ദിവസം നഗരം കത്തിയെരിഞ്ഞു. ഒടുവിൽ നഗരത്തിന്റെ നാലിലൊന്ന് മാത്രമേ അവശേഷിച്ചുള്ളൂ. "ഒഴിപ്പിക്കപ്പെട്ട" ഭാഗത്ത് പുതിയ ഒരു രമ്യഹർമ്യം പണിയാനുള്ള നടപടികൾ ഉടൻതന്നെ ആരംഭിക്കുകയും ചെയ്തു. തീപിടുത്തത്തിന്റെ കാരണക്കാർ ക്രിസ്ത്യാനികളാണെന്ന് ചക്രവർത്തിയുടെ ആളുകൾ രാജ്യം മുഴുവൻ പ്രചരിപ്പിച്ചു. സഭയുടെ നേർക്കുള്ള ഉപദ്രവങ്ങൾ പതിന്മടങ്ങ് വർദ്ധിപ്പിക്കാൻ ഇത് ഒരു മറയാക്കി.

തുടർന്നുള്ള ഒന്നര നൂറ്റാണ്ട് കാലം കൊടിയ ഉപദ്രവങ്ങളാണ് സഭയ്ക്ക് നേരിടേണ്ടി വന്നത്. ക്രിസ്ത്യാനിയായി എന്നതിന്റെ പേരിൽതന്നെ മരണം ഉറപ്പായിരുന്നു. എന്നാൽ അതെല്ലാം നിസ്സാരമായി കണ്ട് പതിനായിരങ്ങൾ ദിവസേന ക്രിസ്ത്യാനികളായിക്കൊണ്ടിരുന്നു. ലോകചരിത്രത്തിൽ വിപ്ലവ പ്രസ്ഥാനങ്ങൾക്കുപോലും അവകാശപ്പെടാനാവാത്ത ഈ പ്രതിഭാസത്തിന്റെ കാരണം ചരിത്രകാരന്മാർക്ക് ഇന്നും അജ്ഞാതം. പരിശുദ്ധാത്മാവിന്റെ പ്രവർത്തനമെന്ന് സഭാചരിത്രകാരന്മാർ പറയും. കോൺസ്റ്റന്റൈൻ ചക്രവർത്തി ക്രിസ്തുമതം സ്വീകരിക്കുമ്പോഴേക്കും (എ.ഡി. 312) സാമ്രാജ്യത്തിലെ പകുതിയിലധികം ജനങ്ങൾ ക്രിസ്ത്യാനികളായിക്കഴിഞ്ഞിരുന്നു.



# വേദപുസ്തകം

## ചരിത്ര നാൾവഴികളിലൂടെ...



ഡോ. ബിനു എൽ എസ്

വേദപുസ്തകത്തിൽ വിവരിച്ചിരിക്കുന്ന സൃഷ്ടി, ചരിത്രാതീതകാലത്ത് സംഭവിച്ചതായി കരുതപ്പെടുന്നു. ചരിത്രത്തിൽ നിന്ന് ലഭിക്കുന്ന തെളിവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിൽ വിവരിക്കാൻ സാധിക്കുന്നത് വിശ്വാസികളുടെ പിതാവായ അബ്രഹാമിന്റെ കാലം മുതൽക്കാണ്. അബ്രഹാം ക്രിസ്തുവിന് 2000 വർഷങ്ങൾക്കു മുൻപ് ജീവിച്ചിരുന്നതായി ചരിത്രപഠനങ്ങളും രേഖകളും സൂചിപ്പിക്കുന്നു. ബി.സി. 2000 കാലഘട്ടത്തിലെ ജീവിതരീതി ഇന്നത്തേതിൽ നിന്ന് വളരെ വ്യത്യസ്തമായിരുന്നു. സ്ഥിരമായി ഒരു സ്ഥലത്ത് താമസിക്കുന്ന രീതി അല്ലായിരുന്നു. മുഖ്യമായും കന്നുകാലി വളർത്തലായിരുന്നു ആ കാലഘട്ടത്തിലെ പ്രധാന തൊഴിൽ. സമ്പദ്‌വ്യവസ്ഥ നിശ്ചയിച്ചിരുന്നത് പ്രധാനമായും കന്നുകാലികളുടെ എണ്ണത്തെ അടിസ്ഥാനമാക്കിയായിരുന്നു. ദിവസവും യാത്രചെയ്ത് കൂടാരങ്ങൾ മാറ്റിയടിച്ച് കഴിയുന്ന ഒരിനം ദേശാന്തരികളായിരുന്നു (Nomads) അക്കാലത്തുള്ളവർ. ബൈബിളിലും ഇതിനെ സാധൂകരിക്കുന്ന രീതിയിലുള്ള വിവരണങ്ങൾ കാണാവുന്നതാണ്. അബ്രഹാമിന് ദൈവവിളി ഉണ്ടാകുന്നതും യാത്ര തുടരുന്നതായും കാണാം. ഇതേത്തുടർന്ന് ഇസഹാക്ക്, യാക്കോബ് എന്നിവരിലൂടെ തലമുറ വികാസം പ്രാപിക്കുകയും പിൽക്കാലത്ത് യിസ്രായേൽ ജനം ഈജിപ്തിൽ അടിമകളായി മാറുകയും ചെയ്യുന്നു. തുടർന്ന് ബി.സി. 1240-ഓടു കൂടെ അവിടെ നിന്നും മോശെയുടെ നേതൃത്വത്തിൽ പുറപ്പാട് ആരംഭിക്കുന്നു. ബി.സി. 1200-ലാണ് അവർ കനാനിൽ എത്തിച്ചേരുന്നത്. തുടർന്ന് കനാനിൽ യിസ്രായേലിലെ 12 ഗോത്രങ്ങൾക്കും ദേശം വിഭജിച്ചുനൽകപ്പെടുന്നു. പലപ്പോഴും ഫെലിസ്ത്യർ, മിദ്യാന്യർ, അമാലേക്യർ എന്നിവരിൽ നിന്ന് ആക്രമണം ഉണ്ടാകുന്ന സാഹചര്യവും കാണാം. അതാതു കാലഘട്ടങ്ങളിൽ ദൈവം ന്യായാധിപന്മാരെ എഴുന്നേൽപ്പിക്കുന്നതായും, 14 ന്യായാധിപന്മാരിലൂടെ ജനത്തെ ന്യായപാലനം ചെയ്യുന്നതായും രേഖപ്പെടുത്തിയിരിക്കുന്നു. ബി.സി. 1025-ൽ ഒരു രാജ്യത്തിനുവേണ്ടിയുള്ള യിസ്രായേലിന്റെ നിലവിളി ശക്തമാകുകയും ശൗൽ ആദ്യത്തെ രാജാവായി ശമുവേൽ പ്രവാചകനാൽ അഭിഷേകം ചെയ്യപ്പെടുകയും ചെയ്യുന്നു. തുർന്ന് ദാവീദ്, ശലോമോൻ എന്നിവരും രാജാവായി. ശലോമോനു ശേഷം രാജ്യം വിഭജനത്തിലേക്കും നീങ്ങുന്നു. തുടർന്ന് വടക്കേരാജ്യം തെക്കേരാജ്യം എന്നിങ്ങനെ യോരോബയാമിന്റെയും രഹോബയാമിന്റെയും നേതൃത്വത്തിൽ ഭരണം തുടങ്ങുന്നത് ബി.സി. 925 ലാണ്. ശമര്യ ഉൾപ്പെടുന്ന വടക്കേ രാജ്യം യിസ്രായേൽ എന്നും യെരുശലേം ഉൾപ്പെടുന്ന തെക്കേരാജ്യം യഹൂദയെന്നും അറിയപ്പെട്ടു. തുടർന്ന് ബി.സി. 722-ൽ അസീറിയൻ രാജാവായ സെന്നകരീബിന്റെ നേതൃത്വത്തിൽ വടക്കേരാജ്യം ആക്രമിച്ച് കീഴ്പ്പെടുത്തപ്പെടുകയും വടക്കേ രാജ്യം തകരുകയും ചെയ്തു. തുടർന്ന് ബി.സി.

586-ൽ നെബുഖദ്നേസറിന്റെ ആക്രമണ ഫലമായി ജറുശലേം (തെക്കേ രാജ്യം) പിടിക്കപ്പെടുകയും ദൈവജനം ബാബിലോ ണിൽ അടിമകളാകുകയും ചെയ്തു(Exile). ഈ ആക്രമണത്തോടെ ശലോമോൻ ബി.സി.950 കാലഘട്ടത്തിൽ നിർമ്മിച്ച ജറുശലേം ദേവാലയം പൂർണ്ണമായി തകർക്കപ്പെട്ടു.

തുടർന്ന് ബാബിലോൺ സാമ്രാജ്യം അസ്തമിക്കുകയും പേർഷ്യൻ സാമ്രാജ്യം രൂപപ്പെടുകയും ചെയ്തു. പേർഷ്യൻ രാജാവായ സൈറസിന്റെ മനസ്സ് ദൈവത്താൽ ഉണർത്ത പ്പെട്ടതിനാലാണ്. യിസ്രായേൽ ജനത്തിന്റെ ബാബിലോൺ പ്രവാസം അവസാനിക്കാൻ കാരണമായത്. ബി.സി. 538-ലെ വിളംബരത്തി ലൂടെ യിസ്രായേലിന് സ്വദേശത്തേക്ക് മടങ്ങാ നുള്ള അനുവാദം ലഭിച്ചു. തുടർന്ന് ബി.സി. 515-ൽ പേർഷ്യൻ സാമ്രാജ്യം അസ്തമിക്കുകയും മേദ്യ(Medes)സാമ്രാജ്യം രൂപപ്പെടുകയും ചെയ്തു. മേദ്യരാജാവായ ഡാരിയസിന്റെ കാലത്താണ് പ്രവാസം പൂർണ്ണമായും അവസാ നിച്ചത്. തുടർന്ന് യെരുശലേം ദേവാലയം സെരുബാബേൽ, എസ്രാ എന്നിവരുടെ നേതൃത്വ ത്തിൽ പുനർനിർമ്മിക്കപ്പെട്ടു. ബി.സി. 440-ൽ തകർന്നുകിടന്ന യെരുശലേമിന്റെ മതിലുകൾ നെഹേമ്യായുടെ നേതൃത്വത്തിൽ പണിയപ്പെട്ടു.

തുടർന്ന് ബി.സി-333 ൽ യവന സാമ്രാജ്യം ശക്തി പ്രാപിക്കുകയും അലക്സാണ്ടർ ചക്രവർത്തി ലോകം മുഴുവൻ കീഴടക്കുന്ന തരത്തിലുള്ള ആക്രമണ പരമ്പര അഴിച്ചുവിടുന്ന തായും ചരിത്രം രേഖപ്പെടുത്തുന്നു. അലക്സാ ണ്ടറിന്റെ മരണശേഷം അദ്ദേഹത്തിന്റെ രണ്ട് ജനറൽമാരായിരുന്ന ടോളമി, സെലൂക്കസ് എന്നിവരിലൂടെ യവന ഭരണം തുടർന്നു. ബി.സി. 190-ൽ സെലൂക്കസ് ടോളമിയെ പരാജയ പ്പെടുത്തി സമ്പൂർണ്ണ അധികാരം കൈക്കലാക്കി. സെലൂക്കസ് പരമ്പരയിലെ കുപ്രസിദ്ധനായ അന്തിയോക്കസ് എപ്പിപ്പാനസ് നാലാമൻ ബി.സി.175-ൽ അധികാരത്തിൽ വന്നു. ബി.സി. 167-ൽ അയാൾ യെരുശലേം ആക്രമിച്ച് യഹൂദ ന്മാർക്ക് നിഷിദ്ധമായ ദേവാലയത്തിൽ പന്നി ബലിയർപ്പിക്കുകയും അതിവിശുദ്ധ സ്ഥലത്ത് സീയുസ് എന്ന ഗ്രീക്ക് ദേവന്റെ പ്രതിമ സ്ഥാപിക്കുകയും ചെയ്തു. വളരെ ക്രൂരനായ എപ്പിപ്പാനസ്, യഹൂദന്മാർ ശബത്തിൽ യാതൊരു വിധ പ്രവൃത്തിയും ചെയ്യില്ല എന്നു മനസ്സിലാക്കി, ഒരു ശബത്തിൽ ആക്രമണം അഴിച്ചുവിട്ട് അനേകം യഹൂദരെ കൊല പ്പെടുത്തി. ഇവയ്ക്കെതിരായി ശക്തമായി പ്രതികരിച്ചത് മത്തത്തിയാസ് എന്ന പുരോഹിതനും അദ്ദേഹത്തിന്റെ മക്കളുമായി രുന്നു. മത്തത്തിയാസിന്റെ നേതൃത്വത്തിൽ ഗോറില്ലാ യുദ്ധത്തിലൂടെ ബി.സി.164 ഡിസംബർ 15-ന് അവർ യെരുശലേം തിരിച്ചു പിടിച്ച് ദൈവാലയം ശുദ്ധീകരിച്ച് പുനഃപ്രതിഷ്ഠ ചെയ്തു. ഇത് ചരിത്രത്തിൽ മക്കാബിയൻ വിപ്ലവം എന്ന് അറിയപ്പെടുന്നു. തുടർന്ന് യഹൂദസാമ്രാജ്യം ഹാസ്മോണിയൻ ഡൈനാസ്റ്റി എന്നപേരിൽ പ്രസിദ്ധമായി. ദേവാലയത്തിലെ പുരോഹി തനും രാജ്യഭരണം നടത്തുന്നതും ഒരാളായി രുന്നു. തുടർന്ന് മത്തത്തിയാസിന്റെ മക്കളായ ജൂറ്റാ മക്കാബിയനും സൈമൺ മക്കാബിയനും ഹാസ്മോണിയൻ സാമ്രാജ്യത്തിൽ നേതൃത്വ ത്തിലെത്തി. ബി.സി. 60 കാലഘട്ടം വരെ ഈ ഭരണം നീണ്ടു. തുടർന്ന് ഹാസ്മോണിയനിൽ ഉൾപ്പോരുകൾ ശക്തമാകുകയും പലപ്പോഴും ഒരുവിഭാഗം സെലൂക്കസിന്റെ സഹായം തേടാനും തുടങ്ങി. ഈ സമയം യവന സാമ്രാജ്യം അധഃപതനത്തിലേക്ക് നീങ്ങുകയും റോമാ സാമ്രാജ്യം ശക്തമാകുകയും ചെയ്തു. തുടർന്ന് ബി.സി. 49-50 ൽ റോമൻ ദേശാധിപതിയായി ഹെരോദാവിനെ ജറുസലേമിൽ നിയമിക്കുകയും ജറുസലേം, റോമൻ പട്ടാള ജനറലായ പോംപി യുടെ നിയന്ത്രണത്തിലാകുകയും ചെയ്തു.

ഇപ്രകാരം റോമാസാമ്രാജ്യത്തിന്റെ അധീന തയിൽ (അടിമത്തത്തിൽ) ആയിരിക്കുന്ന സാഹചര്യത്തിലാണ് ബി.സി-4 ൽ മാനവജാതി യുടെ വീണ്ടെടുപ്പുകാരനായ യേശു ജനിക്കു ന്നത്. എ.ഡി.29-ൽ യേശുവിന്റെ ക്രൂശീകരണത്തിനും പുനരുത്ഥാനത്തിനും ശേഷം എ.ഡി. 70-ൽ റോമാചക്രവർത്തിയായ നീറോ യെരുശലേം ദൈവാലയം തകർക്കുകയും എ.ഡി.132-ലെ ബാർകൊക്ബ യുദ്ധത്തോടുകൂടെ യഹൂദന്മാർ റോമാക്കാരോട് പൂർണ്ണമായി പരാജയപ്പെ ടുകയും ലോകത്തിന്റെ പലഭാഗങ്ങളിലേക്കും ചിതറിപ്പോകുകയും ചെയ്തു. നീറോ ചക്രവർത്തിയാൽ തകർക്കപ്പെട്ട യരുശലേം ദേവാലയം നാളിതുവരെ പുനർനിർമിക്ക പ്പെട്ടിട്ടില്ല. എ.ഡി.132-ലെ ചിതറിപ്പോകലിന് ശേഷം 20-ാം നൂറ്റാണ്ടിൽ എ.ഡി.1948-ലാണ് അവർ വീണ്ടും ഒരുമിച്ച് ഇസ്രായേൽ രാജ്യ മായത്. അതായത് ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ച് ഒരു വർഷത്തിനുശേഷം.

ദാനിയേൽ പ്രവചനത്തിലും യോഹന്നാ നുണ്ടായ വെളിപ്പാടിലൂടെയും നൽകപ്പെട്ട പ്രവചനങ്ങൾ നാളിതുവരെ ദൈവജനത്തിന്റെ ചരിത്രത്തിൽ നിവൃത്തിയായി കഴിഞ്ഞു. തുടർന്നുള്ള പ്രവചനങ്ങളുടെ നിവൃത്തിക്കായി നമുക്ക് കാത്തിരിക്കാം. യെരുശലേമിന്റെ സമാധാനത്തിനായി നമുക്ക് പ്രാർത്ഥിക്കാം.





റസിലം എഡ്വിൻ

## സകല കുടുംബത്തിനും പേർവരുവാൻ

# കാരണമായ പിതാവ്

*എഫെ 3:14- "അതു നിമിത്തം ഞാൻ സ്വർഗ്ഗത്തിലും ഭൂമിയിലും ഉള്ള സകല കുടുംബത്തിനും പേർ വരുവാൻ കാരണമായ പിതാവിന്റെ സന്നിധിയിൽ മുട്ടുകുത്തുന്നു."*

'ഞാൻ' എന്ന് ഇവിടെ പറഞ്ഞിരിക്കുന്നത് പൗലോസ് അപ്പോസ്തലനെയാണ്. താൻ സ്ഥാപിച്ച സഭകൾക്ക് ലേഖനമെഴുതി സഭകളെ യഥാസ്ഥാനത്താക്കുന്ന ദൗത്യം പൗലോസ് ചെയ്യുകയാണ്. വേദപുസ്തകാടിസ്ഥാനത്തിൽ പൗലോസിന് ഭാര്യയും മക്കളും ഉള്ളതായി കാണുന്നില്ല. എന്നാൽ പൗലോസ് ഒരു കുടുംബത്തിലെ അംഗമാണ്. അപ്പനും അമ്മയും മക്കളും ചേർന്ന ക്രിസ്തീയകുടുംബത്തിലെ അംഗം.

കുടുംബം എന്നത് കൂടുമ്പോൾ ഇമ്പം തരുന്ന ഒന്നാണ്. ''ഒന്നിച്ച് പ്രാർത്ഥിക്കുന്ന കുടുംബം ഒരുമിച്ച് പാർക്കുന്നു" എന്ന സത്യം ഓർക്കണം. അപ്പോ.പ്രവൃത്തികൾ 16:15-40 വരെയുള്ള ഭാഗങ്ങളിൽ ലുദിയയുടെ കുടുംബത്തെക്കുറിച്ചും, കാരാഗൃഹപ്രമാണിയുടെ കുടുംബത്തെക്കുറിച്ചും പറയുന്നു. 1 കൊരിന്ത്യർ 16:15-ൽ സ്തേഫാനോസിന്റെ കുടുംബത്തെ കാണാം.

എഫെ:2:19 ൽ ദൈവത്തിന്റെ ഭവനക്കാർ എന്ന് കുടുംബത്തെ വിശേഷിപ്പിക്കുന്നു. "കുടുംബങ്ങൾ, വേദപഠനത്തിനുള്ള വേദികൾ എന്നും, ദൈവത്തിന്റെ കുടുംബം ആണ് സഭയെന്നും, സഭ ക്രിസ്തുവിന്റെ ശരീരം ആകുമ്പോൾ മാത്രമേ കുടുംബങ്ങളുടെ സമന്വയമായ ക്രിസ്തീയസഭ ദൈവത്തിന്റെ കുടുംബം ആയി ഭവിക്കുകയുള്ളൂവെന്നും ഡോ.ബാബുപോൾ IAS തന്റെ വേദശബ്ദരത്നാകരത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു (പേജ് 199).

സകല കുടുംബത്തിനും എന്നത്; ക്രിസ്ത്യാനി കുടുംബം മാത്രമല്ലല്ലോ! ഹിന്ദു കുടുംബം, മുസ്ലീം കുടുംബം, സിഖ് കുടുംബം, പാഴ്സി കുടുംബം തുടങ്ങിയ സകല ജാതിയിലെയും സകല മതത്തിലെയും കുടുംബങ്ങൾ ആകില്ലേ? വേറൊരു വിശേഷണവും കാണുന്നു - സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകല കുടുംബത്തിനും കാരണമായ പിതാവ്!! ഭൂമിയിലെ കുടുംബങ്ങളെ നമുക്കറിയാം. അണുകുടുംബങ്ങളും, കൂട്ടുകുടുംബങ്ങളും, അണു-കൂട്ടുകുടുംബങ്ങളും അതിൽ വരും. എന്നാൽ സ്വർഗ്ഗത്തിൽ കുടുംബങ്ങൾ ഉണ്ടോ? കുടുംബബന്ധങ്ങൾ ഉണ്ടോ?!

നമ്മുടെ പ്രിയപ്പെട്ട കുടുംബാംഗങ്ങൾ മരിക്കുമ്പോൾ നാം ആശ്വസിക്കുന്നതെങ്ങനെ? സ്വർഗ്ഗത്തിൽചെന്ന് മുഖാമുഖം കാണാം എന്നല്ലേ? അത് സത്യമല്ലേ? മിഥ്യയാണോ? സ്വർഗ്ഗം ഉണ്ടോ? സ്വർഗ്ഗത്തിൽ ചെന്ന് പ്രിയപ്പെട്ടവരെ കാണാനാകുമോ? നമുക്ക് നോക്കാം.

**1 രാജാ.8:28-30**. ''എന്റെ ദൈവമായ യഹോവേ ...നിന്റെ വാസസ്ഥലമായ സ്വർഗ്ഗത്തിൽ നിന്ന് കേൾക്കേണമേ". അതെ! സ്വർഗ്ഗം ഉണ്ട്. ദൈവം വസിക്കുന്ന സ്ഥലമാണ് സ്വർഗ്ഗം.

**2 രാജാ.2:11** ''ഏലിയാവ് സ്വർഗ്ഗത്തിലേക്കു കയറി''.

**യെശ.66:1** ''യഹോവ ഇപ്രകാരം അരുളി ചെയ്യുന്നു; സ്വർഗ്ഗം എന്റെ സിംഹാസനവും ഭൂമി എന്റെ പാദപീഠവും ആകുന്നു".

പഴയനിയമത്തിൽ മാത്രമല്ല; പുതിയ നിയമത്തിലും തെളിവുകൾ ഉണ്ട്.

**അ.പ്ര.1:11.** ''ഗലീല പുരുഷന്മാരേ, നിങ്ങൾ ആകാശത്തിലേക്ക് നോക്കി നില്ക്കുന്നത് എന്ത്? നിങ്ങളെവിട്ട് സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗ്ഗത്തിലേക്ക് പോകുന്നവനായി നിങ്ങൾ കണ്ടതുപോലെ തന്നെ അവൻ വീണ്ടും വരും.''മുകളിലാണ് സ്വർഗ്ഗം എന്ന് ഇവിടെ വ്യക്തമാക്കുന്നു. യേശു സ്വർഗ്ഗത്തിലേക്കാണ് പോയത്.


**2 കൊരി.5:1**-ൽ പൗലോസ് പറയുന്നു "കൂടാരമായ ഞങ്ങളുടെ ഭൗമഭവനം അഴിഞ്ഞ് പോയാൽ, കൈപ്പണിയില്ലാത്ത നിത്യഭവനമായി ദൈവത്തിന്റെ ദാനമായോരു കെട്ടിടം ഞങ്ങൾക്ക് സ്വർഗ്ഗത്തിൽ ഉണ്ടെന്ന് അറിയുന്നു.''8-ാം വാക്യത്തിൽ; ''ശരീരം വിട്ട് കർത്താവിനോട് കൂടെ വസിപ്പാൻ അധികം ഇഷ്ടപ്പെടുന്നു'' എന്ന് വ്യക്തമാക്കുന്നു.

**1 പത്രോസ് 1:21**-ൽ പത്രോസ് പറയുന്നു "ദൈവം അവനെ മരിച്ചവരുടെ ഇടിയിൽ നിന്ന് എഴുന്നേല്പിച്ച് അവന് തേജസ് കൊടുത്തുമിരിക്കുന്നു". നമുക്കും തരില്ലേ തേജസ്സ്? നമ്മുടെ പ്രിയപ്പെട്ടവർക്കും നല്കില്ലേ? അപ്പോൾ നമുക്ക് അവരേയും അവർക്ക് നമ്മെയും കാണാൻ കഴിയില്ലേ? തീർച്ചയായും സാധിക്കും.

**1 പത്രോസ് 4:13** ''അവന്റെ തേജസ്സിന്റെ പ്രത്യക്ഷതയിൽ ഉല്ലസിച്ചാനന്ദിപ്പാൻ ഇടവരും''.

**2 പത്രോസ് 1:11** ''നിങ്ങൾ യേശുക്രിസ്തുവിന്റെ നിത്യരാജ്യത്തിലേയ്ക്കുള്ള പ്രവേശനം ധാരാളമായി പ്രാപിക്കും".

ഞാനിതെല്ലാം വിശ്വസിക്കുന്നു. കാരണം 2 പത്രോസ് 1:20,21 വാക്യങ്ങൾ ആണ്. "തിരുവെഴുത്തിലെ പ്രവചനം ഒന്നും സ്വയമായ വ്യാഖ്യാനത്താൽ ഉളവാകുന്നതല്ല എന്ന് ആദ്യം തന്നെ അറിഞ്ഞുകൊള്ളേണം. പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല, ദൈവകല്പനയാൽ മനുഷ്യർ പരിശുദ്ധാത്മ നിയോഗം പ്രാപിച്ചിട്ട് സംസാരിച്ചതത്രേ.'' ഇതിനുദാഹരണമാണ് 2 പത്രോസ് 3:10,11 എന്നീ വാക്യങ്ങൾ.''മൂലപദാർത്ഥങ്ങൾ കത്തിയഴികയും, ഭൂമിയും അതിലുള്ള പണികളും വെന്തുപോകയും ചെയ്യും." 2000 വർഷങ്ങൾക്ക് മുമ്പ് എഴുതിയതാണിത്. എന്താണീ മൂലപദാർത്ഥം? ഏതൊരു വസ്തുവിന്റെയും ഏറ്റവും ചെറിയകണം ആണ് ആറ്റം. അതാണ് മൂലപദാർത്ഥം. അതിന്റെ കേന്ദ്രഭാഗം ന്യൂക്ലിയസ് ആണ്. അതിൽ പ്രോട്ടോണും ന്യൂട്രോണും അടങ്ങിയിരിക്കുന്നു. ഈ ന്യൂക്ലിയസിനെ വലംവയ്ക്കുന്ന ഒരു ഇലക്ട്രോണും ചേർന്നതാണ് ആറ്റം.




ന്യൂക്ലിയസിന്റെ വിഘടനം മൂലം ഉണ്ടാകുന്നതാണ് ന്യൂക്ലിയർ ബോംബ്. ആറ്റത്തിന്റെ വിഘടനം മൂലം ഉണ്ടാകുന്നതാണ് ആറ്റം ബോംബ്. ആറ്റം ബോംബും ന്യൂക്ലിയർ ബോംബും എന്താണെന്ന് ഇന്ന് എല്ലാവർക്കും അറിയാം. ഒരുവിരൽത്തുമ്പിൽ ആണിതിന്റെ പ്രവർത്തനം എന്നും അറിയാം. ഭൂമിയെ തീയ്ക്കായി സൂക്ഷിച്ചിരിക്കുന്നുവെന്ന വസ്തുത നാം മറക്കണ്ട. പ്രവചന നിവൃത്തി തന്നെ!! ഇതുപോലെ പരമസത്യമാണ് സ്വർഗ്ഗവും സ്വർഗ്ഗത്തിലെ വാസവും!! സ്വർഗ്ഗത്തെക്കുറിച്ച് ശ്രീ. ബാബുപോൾ ഐ.എ.എസ്. തന്റെ വേദശബ്ദരത്നാകരത്തിൽ പറയുന്നു; (പേജ് 702) "ജീവനുള്ള ദൈവവുമായി നിത്യസംസർഗ്ഗത്തിൽ കഴിയുന്ന സ്ഥലമാണ് സ്വർഗ്ഗം. അതാണ് യഥാർത്ഥഭവനം. ക്രിസ്ത്യാനിക്ക് സ്വർഗ്ഗം ലക്ഷ്യവുമാണ്, പ്രതിഫലവുമാണ്. ഈ ഭൂമിയിലെ താത്ക്കാലിക അസ്തിത്വത്തിൽനിന്ന് മോചനമാണിത്. ഭാരതീയരീതിയിൽ പരാവർത്തനം ചെയ്താൽ 'ഓം'കാരത്തിലെ വിലയമാണ്. ഈശ്വര ഹിതപാലനമാണ്, ഈശ്വര സാക്ഷാത്കാരമാണ്. എന്താണീ 'ഓം'കാരം? അ+ഉ+അം അതാണ് 'ഓം'. ആദിയും അന്തവുമായവൻ, അനാദിയായുള്ളവൻ എന്നൊക്കെ

അർത്ഥം വരും. അങ്ങനെയെങ്കിൽ ത്രിത്വമല്ലേ? ത്രീയേകദൈവമല്ലേ? ഭയം ഇല്ലാതെ നാം വിളിക്കുന്ന യേശു അല്ലേ? തീർച്ചയായും വിശ്വസിക്കാം. നമുക്കായി ലോകരക്ഷയ്ക്കായി ചോരചിന്തിയവൻ! ആ സർവ്വേശ്വരനിൽ ലയിക്കുന്നതാണ് മരണം. അതേ, അത് കഴിഞ്ഞെത്തുന്ന സ്ഥലമാണ് സ്വർഗ്ഗം. എങ്കിൽ സ്വർഗ്ഗം മിഥ്യയല്ല, സത്യംതന്നെ.

സ്വർഗ്ഗത്തിന്റെ, സ്വർഗ്ഗീയ ബന്ധത്തിന്റെ ആധികാരികത വെളിപ്പാടിലുണ്ട്. വെളി: 4, 5 അദ്ധ്യായങ്ങളിൽ സ്വർഗ്ഗത്തെ വിവരിച്ചിരിക്കുന്നു.വെളി.4:86 ''ഇരിക്കുന്നവനും, ഇരുന്നവനും വരുന്നവനുമായി സർവ്വശക്തിയുള്ള കർത്താവായ ദൈവം പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന് രാപ്പകൽ വിശ്രമം കൂടാതെ പറഞ്ഞുകൊണ്ടിരിക്കുന്നു". ഇത് ആരാധനയുടെ അനുഭവമാണ്. എത്രമനോഹരമാണിത്? സർവ്വവും സൃഷ്ടിച്ച സ്രഷ്ടാവാം ദൈവത്തെ രാപ്പകൽ ആരാധിക്കുന്ന അനുഭവം!! യഹൂദാ ഗോത്രത്തിലെ സിംഹത്തെ ആരാധിക്കുന്ന ജനം! വെളി.7:9 ''സകലജാതികളിലും, വംശങ്ങളിലും, ഗോത്രങ്ങളിലും, ഭാഷകളിലും നിന്നുള്ളതായി ആർക്കും എണ്ണിക്കൂടാത്ത ഒരു മഹാപുരുഷാരം വെള്ള നിലയങ്കി ധരിച്ച് കയ്യിൽ കുരുത്തോലയുമായി സിംഹാസനത്തിനും കുഞ്ഞാടിനും മുമ്പാകെ നിൽക്കുന്നത് ഞാൻ കണ്ടു.''സിംഹാസനസ്ഥനായ ദൈവത്തിന്റെ കൂടാരത്തിൽ വിശപ്പും ദാഹവും ഇല്ലാത്ത മനുഷ്യർ. അനന്തരം ജീവജലത്തിന്റെ ഉറവിലേക്കു നയിക്കാനും, കണ്ണുനീർ തുടയ്ക്കാനും ദൈവം!! എത്ര അനുഗ്രഹിക്കപ്പെട്ട അവസ്ഥ, അല്ലേ? വെളി.11:4 ''കർത്താവിന്റെ സന്നിധിയിൽ നിൽക്കുന്ന രണ്ട് ഒലിവുവൃക്ഷവും, രണ്ട് നിലവിളക്കും ഉണ്ട്''. അർത്ഥങ്ങളൊന്നും നോക്കാതിരുന്നാൽ, ദൈവത്തോടുകൂടെയുള്ള വാസം തന്നെ. 19-ാം വാക്യത്തിൽ, മിന്നലും ഇടിമുഴക്കവും മഴയും ഉണ്ടായതായി പറയുന്നു. വെളി. 22-ാം അദ്ധ്യായത്തിൽ, ജീവജലനദിയും, ജീവവൃക്ഷവും വിവരിക്കുന്നു. ദൈവത്തെ ആരാധിക്കുന്നു. രോഗശാന്തി മനുഷ്യർക്കാണല്ലോ!! വെളിച്ചമായി ദൈവതേജസ്, ഹാ! എന്ത് മനോഹര അനുഭവം, അല്ലേ?


വെളി.22:6-ൽ ഇതെല്ലാം വിശ്വാസയോഗ്യവും സത്യവും ആണെന്ന് പറയുന്നു. ഇവിടെ ഒരു ചിന്താക്കുഴപ്പം ഉണ്ടാകുന്നു; വേദനിക്കുന്നു. നമുക്ക്, കേരളീയർക്ക് ഇതെല്ലാം അറിയാം, വീണ്ടും നമ്മെ ഓർമ്മിപ്പിക്കാൻ വേണ്ടുവോളം ആൾക്കാരും ഉണ്ട്. സ്വർഗ്ഗത്തിലെ സകല കുടുംബത്തിന്റെയും നാഥന്റെ മുമ്പിൽ മുട്ടുകുത്താനുമറിയാം. നാം അത് ചെയ്യുന്നുമുണ്ട്. ഈ പരമസത്യങ്ങൾ അറിയാൻ കാരണം, നമ്മുടെ ഇടയിലേക്ക് വന്ന മിഷനറിമാരാണ്. അവർ വന്ന് അക്ഷരം പഠിച്ച്, ലിപി ഉണ്ടാക്കി ഭാഷ പഠിച്ച് നമ്മെ പഠിപ്പിച്ചു. യേശുവാണ് കാരണമെന്നും, യേശു ആണ് അയച്ചതെന്നും പറഞ്ഞു. അതിലൂടെ നമ്മുടെ അടിമത്തം മാറി, അനുഗ്രഹമായി. എങ്കിൽ-ഈ സത്യങ്ങളൊന്നും അറിഞ്ഞുകൂടാത്ത, യേശുവിനെ കേട്ടിട്ടുപോലുമില്ലാത്ത നമ്മുടെ സമസൃഷ്ടങ്ങൾ ഇന്ത്യയ്ക്കകത്തുണ്ട്. കേരളത്തിന്റെ 150 വർഷം മുമ്പത്തെ അവസ്ഥയിലാണ് ഇപ്പോഴത്തെ ഉത്തരേന്ത്യൻ ഗ്രാമങ്ങൾ. അവരും യേശുവിന്റെ സ്നേഹവും കരുതലും അനുഗ്രഹവും അറിയണം. സകലകുടുംബത്തിന്റെയും നാഥൻ യേശു ആണെന്ന് ഗ്രഹിക്കണം, യേശുവിനെ വന്ദിക്കണം! അതിന് നമ്മുടെ സഭയിലെ ഓരോ കുടുംബങ്ങളും മുന്നോട്ട് വന്നെങ്കിൽ...!! യേശുതമ്പുരാൻ ദീർഘക്ഷമയോടെ കാത്തിരിക്കുന്നു. ദൈവം നമുക്ക് കരുത്ത് നല്കട്ടെ!!

## ആദരാഞ്ജലികൾ

**ജോയിസ്**
കോട്ടാക്കുഴി


മരണം: 28.09.2016






**സത്യനേശൻ**
കോട്ടാക്കുഴി

മരണം: 15.10.2016



# എ. ചാൾസ്
## Ex. M.P
# ഒരനുസ്മരണം



ദീപേഷ് എഡ്വിൻ

**1984** മുതൽ തുടർച്ചയായി മൂന്ന് തവണ ഇന്ത്യൻ പാർലമെന്റംഗമായി തിരഞ്ഞെടുക്കപ്പെട്ട നമ്മുടെ മഹായിടവകാംഗമാണ് എ. ചാൾസ്. മഹായിടവക സെക്രട്ടറി, കേരളാ പി.എസ്.സി. അംഗം, പൊതുപ്രവർത്തകൻ എന്നീ നിലകളിൽ സ്തുത്യർഹമായ സേവനം കാഴ്ചവെച്ചിട്ടുള്ള ഇദ്ദേഹത്തിന്റെ രണ്ടാം ചരമദിനമായിരുന്നു ഇക്കഴിഞ്ഞ ഒക്ടോബർ 26.

നെല്ലിക്കാക്കുഴി സഭയിലെ അബ്രഹാം സാറിന്റെയും ഡാളി ടീച്ചറിന്റെയും മകനായി നവംബർ 14-നായിരുന്നു ജനനം. നമ്മുടെ പ്രിയപ്പെട്ട ചാച്ചാജി ജവഹർലാൽ നെഹ്രുവിന്റെ ജന്മദിനവും മറ്റൊരു നവംബർ-14 ആയിരുന്നുവെന്നത് തികച്ചും യാദൃശ്ചികം! ചാച്ചാജി ഭാരതത്തിന്റെ ശില്പിയും, കുട്ടികളുടെ പ്രിയങ്കരനുമായിരുന്നതുപോലെ, മഹായിടവകയ്ക്കും, തിരുവനന്തപുരം പാർലമെന്റ് മണ്ഡലത്തിനും എ. ചാൾസ് പ്രിയപ്പെട്ട ചാച്ചാജിയായിരുന്നു. പി.ആർ വില്യം ഹയർ സെക്കന്ററി സ്കൂൾ കോമ്പൗണ്ടിലെ ബെഥേൽ കോട്ടേജിൽ, സ്കൂൾ മാനേജരായിരുന്ന ബോൺ വില്യം അവർകളുടെയും ജ്ഞാനദീപം ടീച്ചറിന്റെയും മൂത്തമകൾ ശ്രീമതി.ഇവാഞ്ചലിൻ ആണ് ചാൾസ് സാറിന്റെ ഭാര്യ. 27.12.1962-ൽ കാട്ടാക്കട ഇടവകയിൽ വെച്ചാണ് ഇവരുടെ വിവാഹം നടന്നത്.

കാട്ടാക്കടയെ സ്നേഹിക്കുകയും കാട്ടാക്കട ക്രിസ്ത്യൻ കോളേജിന്റെ സ്ഥാപക നേതാക്കളിലൊരാളായി പ്രവർത്തിച്ച്, കോളേജിനാവശ്യമായ സ്ഥലം നേടുന്നതിനും, തടികൾ ശേഖരിക്കുന്നതിനും, പണം ശേഖരിക്കുന്നതിനും കൊല്ലം മുതൽ പാറശ്ശാലവരെ ഓടി നടന്നത് വിസ്മരിക്കാനാവാത്ത ചരിത്രമാണ്. അന്നത്തെ സഭാ നേതാക്കളുമായി ചേർന്നുനിന്ന്

മഹായിടവകയുടെ സാരഥിയായി കാട്ടാക്കട സഭയ്ക്കും, കോളേജിനും വേണ്ടുന്നതെല്ലാം ചെയ്യുന്നതിന് ചാൾസ് സാർ എന്നും മുൻനിരയിലായിരുന്നു. സഭാംഗങ്ങൾക്ക് കോളേജിൽ ജോലി ലഭിക്കുന്നതിന് ഇദ്ദേഹം നിമിത്തമായിയെന്നത് ചിലർ പറഞ്ഞു കേട്ടിട്ടുമുണ്ട്.

സ്നേഹത്തിന്റെ സുവിശേഷവാഹകനായിരുന്ന എ. ചാൾസ് കുടുംബാംഗങ്ങളെയും, സഭയെയും, ഇടവകയെയും മാത്രമല്ല സ്നേഹിച്ചത്. ഏത് പാവപ്പെട്ടവനും ഏതു സമയത്തും, ഏതാവശ്യത്തിനും കടന്നുചെല്ലാൻ പ്രാപ്യനായ മനുഷ്യസ്നേഹിയായിരുന്നു ഇദ്ദേഹം. അഡ്മിഷൻ കാര്യമായാലും, ജോലി സംബന്ധിച്ചായാലും, പെൺകുട്ടികളുടെ വിവാഹ ആവശ്യമായിരുന്നാലും, പാർപ്പിട ആവശ്യങ്ങൾക്കായാലും, മരുന്നിനായാലും, ഭക്ഷണത്തിനായാലും തന്നെ സമീപിക്കുന്നവരെ ഒരിക്കലും മാറ്റിനിർത്തിയിട്ടില്ല. സ്വന്തം കയ്യിൽ നിന്നും സഹായിക്കാനും മടിച്ചിട്ടില്ല. ഫിലി 2:1–11 വരെയുള്ള ഭാഗം; സ്നേഹത്തിന്റെ വിവരണം, പല പ്രാവശ്യം കുഞ്ഞുമക്കളെ വായിച്ചുകേൾപ്പിക്കുകയും, പ്രസംഗിക്കുകയും ചെയ്യുമായിരുന്നു. സ്നേഹത്തോടെയല്ലാതെ, ഒരു കാര്യവും ചെയ്യരുതെന്ന് സാർ എപ്പോഴും പറയുമായിരുന്നു.

കാട്ടാക്കട സഭയിൽ അനേകംതവണ വന്ന് സത്യസുവിശേഷം പ്രസംഗിച്ചിട്ടുണ്ട്. അവസാനമായി വന്നത് പൂവർഫണ്ട് മാസാചരണത്തോടനുബന്ധിച്ചുള്ള സമാപന ആരാധനയിലാണ്. ലൂക്കോ 24:13 മുതൽ 32 വരെയുള്ള വചനം ആസ്പദമാക്കിയാണ് അന്ന് പ്രസംഗിച്ചത്. എമ്മവൂസിലേക്കുള്ള യാത്രയിൽ രണ്ടുപേരോടൊപ്പം നടന്ന യേശുവിനെയാണ് വചനത്തിലൂടെ കാട്ടിത്തന്നത്. അവസാനം "ഞങ്ങളോട്കൂടെ പാർക്കുക'' എന്നാവശ്യപ്പെട്ടപ്പോൾ; അവരോടൊപ്പം പാർക്കാൻ ചെന്ന യേശുവിനെപ്പറ്റി (29–ാം വാക്യം) വിവരിച്ചു. സഭ യേശുവിനോടൊപ്പം പാർക്കണമെന്ന് ആഹ്വാനം ചെയ്തു. അപ്പോഴാണ് സഭയിലെ ആവശ്യത്തിലിരിക്കുന്നവരെ നമുക്ക് തിരിച്ചറിയുവാൻ സാധിക്കുന്നത് എന്ന് വിശദീകരിച്ചു. കാട്ടാക്കട സഭയ്ക്കും ഓരോ കുടുംബത്തിനും 'യേശുവിനോടുകൂടെ പാർക്കുന്ന' അനുഭവം ഉണ്ടാകട്ടെയെന്ന് ആശംസിച്ചുകൊണ്ടാണ് അന്നദ്ദേഹം യാത്ര പറഞ്ഞത്.

കഴിവുള്ള ഒരു കുടുംബം, കഴിവില്ലാത്ത ഒരു കുടുംബത്തെയെങ്കിലും സഹായിക്കണമെന്ന ആശയം മറ്റുള്ളവരോട് പറയുക മാത്രമല്ല സ്വജീവിതത്തിൽ അദ്ദേഹം അത് നടപ്പിലാക്കി മാതൃകയാക്കുകയും ചെയ്തുവെന്നത് ഇവിടെ പ്രസ്താവ്യമാണ്. നമ്മുടെ ഇടവകയെയും, പ്രത്യേകിച്ച് യുവതീ-യുവാക്കളെയും കുഞ്ഞുങ്ങളെയും അതിരറ്റ് സ്നേഹിച്ച ആ ധന്യാത്മാവിന്റെ ഓർമ്മകളുടെ ദീപ്തമായ സ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികളർപ്പിക്കുന്നു.

## 22-ാമത് വാർഡ് കൺവെൻഷൻ

ഇടവകയുടെ നേതൃത്വത്തിൽ നടന്നുവരുന്ന വാർഡ് കൺവെൻഷന്റെ 22–ാമത് യോഗം മൂന്നാം ഭാഗമായ പാലേലിയിൽ ശ്രീ.കെ.സ്റ്റാൻലി, അരുവിമുഖത്തിന്റെ ഭവനാങ്കണത്തിൽ വച്ച് നടത്തുകയുണ്ടായി. നമ്മുടെ പുരോഹിതരുടെ നേതൃത്വത്തിൽ നടന്ന പ്രസ്തുത കൺവെൻഷനിൽ റവ.ഡോ.സി.എ.ഗോഡ്വിൻ അച്ചൻ (സി.എസ്.ഐ.കഴിവൂർ) മുഖ്യസന്ദേശം നൽകി. ചർച്ച് ക്വയർ ഗാനശുശ്രൂഷ നടത്തുകയുണ്ടായി. കൺവീനറായി മോഹൻദാസ്, കാക്കമുകൾ പ്രവർത്തിച്ചു.

**വരവ്–ചെലവ് കണക്കുകൾ:**

| | | | | | |
|---|---|---|---|---|---|
| വരവ് | | റോസലദാസ്, പാലേലി | 200 | കാണിക്ക | 1693 |
| സർവ്വശ്രീ. | | പ്രേമരാജൻ, പാലേലി | 200 | **ആകെ വരവ്** | **5993** |
| ബി.ബ്രൈറ്റ്സിംഗ്, ലിസ്ബത്ത് | 500 | സ്റ്റാൻലിജോൺ, അരുവിമുഖം | 100 | ചെലവ് | |
| വിജയൻ, ധന്യ | 500 | വിനോദ്കുമാർ, അരുവിമുഖം | 100 | ലൈറ്റ് & സൗണ്ട് | 3000 |
| തങ്കപ്പൻ/ജയകുമാർ, അജസ്സ് | 500 | ജയകുമാർ, അരുവിമുഖം | 100 | പ്രാസംഗികന് റ്റി.എ | 1500 |
| രിജിക്കുഞ്ഞ്, സങ്കീർത്തനം | 500 | രമോശ്കുമാർ, സുരേഷ് കോട്ടേജ് | 100 | ഇന്ധനം | 150 |
| ഗോഡ്വിൻ റോയ്,SBവിലാസം | 250 | ജസ്റ്റസ് റ്റീച്ചർ, പാരഗൺഹൗസ് | 100 | ഫ്ളക്സ് പ്രിന്റിംഗ് | 150 |
| ബൈജു, അഭി, ഓണംകോട് | 200 | അനി, അരുവിമുഖം | 100 | നോട്ടീസ് | 160 |
| അനിൽകുമാർ, അജസ്സ് | 200 | ശിശുരാജ്, അരുവിമുഖം | 100 | **ആകെ ചെലവ്** | **4960** |
| രമേശ്കുമാർ, അരുവിമുഖം | 200 | തങ്കരാജ്, അച്ചുഭവൻ | 100 | **നീക്കിയിരിപ്പ്** | **1033** |
| നെൽസൻ, ജി.കെ.ഭവൻ | 200 | ബാബു, ബി.എൻ നിവാസ് | 50 | | |



# അവനാണ് അവനാണ് യേശു

പി സ്റ്റീഫൻസൻ

1

യഹൂദിയായിലെ, കാലിത്തൊഴുത്തിൽ
കുഞ്ഞായ്പിറന്നവൻ യേശു
ത്രിലോകശ്രഷ്ടകൻ, കന്യാമറിയത്തിൽ
പിറവിയെടുത്തവൻ യേശു
വചനം ജഡമായി, വാഗ്ദത്ത നിവർത്തിക്കായ്
യരുശലേം ജാതനായ് യേശു
മാനവ ജനതതൻ, മോചന നിവർത്തിയായ്
കുഞ്ഞായ് ജനിച്ചവൻ യേശു

2

മനുകുലപാലകൻ, മഹിമൾ വെടിഞ്ഞിട്ട്
മനുജനായ് അവതരിച്ചതു യേശു
പൈതൽ വളർന്നിട്ട്, ജ്ഞാനം നിറഞ്ഞിട്ടു
ആത്മാവിൽ ബലപ്പെട്ടു യേശു
മറിയയിൻ സ്നേഹവും, യോസേഫിൻ കരുതലും
അനുഭവിച്ചറിഞ്ഞവൻ യേശു
ദൈവകൃപയും, അറിവിൻ വരങ്ങളും
മനസിൽ സ്വരൂപിച്ചു യേശു

3

യരുശലേം ജനിച്ചിട്ട്, നസ്രത്തിൽ വളർന്നിട്ട്
ജ്ഞാനം ഗ്രഹിച്ചവൻ യേശു
യരുശലേം യാത്രയിൽ, സ്നേഹിതരോടൊത്തു
യാത്രകൾ ചെയ്തവൻ യേശു
യരുശലേം ദേവാലയത്തിൽ, പണ്ഡിതരോടൊത്തു
ജ്ഞാനം പകർന്നവൻ യേശു
മാനവജനതയോടു, സുവിശേഷം അറിയിക്കാൻ
അഭിഷേകം ലഭിച്ചവൻ യേശു

4

യോഹന്നാൻ സ്നാപകനാൽ, തിരുവെഴുത്തിനാൽ
സ്നാനം സ്വീകരിച്ചതും യേശു
നാൽപതു രാപകൽ, ഉപവാസം എടുത്തിട്ട്
പരീക്ഷകൾ നേരിട്ടതും യേശു
പിശാചിൻ പരീക്ഷകൾ, വചനം ഉപയോഗിച്ചു
മൂന്നും ജയിച്ചതും യേശു
ബദ്ധൻമാർക്കു വിടുതലും, കുരുടർക്കു കാഴ്ചയും
ചെകിടർക്കു കേൾവിയും നൽകിയത് യേശു

5

സുവിശേഷ യാത്രയ്ക്കായ്, പന്ത്രണ്ടു ശിഷ്യരെ
കൂട്ടി നടന്നതും യേശു
സ്നേഹവചനങ്ങൾ, ഗിരിപ്രഭാക്ഷണം കർത്താവിൻ
പ്രാർത്ഥന പഠിപ്പിച്ചതും യേശു
ലോകർ സമസ്തരും, തുല്യരായ് തീർന്നിടാൻ
സമത്വം പഠിപ്പിച്ചതും യേശു
രക്ഷ പ്രാപിച്ചിടാൻ, സുവിശേഷം ശ്രവിച്ചിടാൻ
ആഹ്വാനം ചെയ്തവൻ യേശു

6

പ്രിയനാഥനാം യേശുവിൻ, സ്നേഹിതനായിടാൻ
എന്നെ ക്ഷണിച്ചത് യേശു
എൻപാപഭാരങ്ങൾ, തോളിൽ വഹിച്ചിട്ട്
ക്രൂശിൽ മരിച്ചത് യേശു
ചുടുനിണം വിയർപ്പായി, യാതനയേറ്റിട്ട്
മുൾക്കിരീടം അണിഞ്ഞത് യേശു
പുതുകല്ലറയിലെ, ശവമഞ്ചലിൽ നിന്നും
മൂന്നാംനാൾ ഉയർത്തതും യേശു
"അവനാണ് അവനാണ് യേശു"


## വേർപാടിന്റെ 2-ാം വർഷം
25-11-2016



### കാമാക്ഷി
മൂങ്ങോട്

ദുഃഖസ്മരണകളോടെ
ജെസ്സി ബൻസൻ, ഗ്രീൻവ്യൂ

## സ്മരണാഞ്ജലി



### ജോയൽ
(07. 05. 2014)



### ലില്ലി
(17.11.2009)

ദുഃഖസ്മരണകളോടെ
ഷെറിൻ & ഫാമിലി, ഉഷസ്

സ്നേഹിച്ചു കൊതിതീരും
മുൻപേ ഞങ്ങളെ
വിട്ടുപിരിഞ്ഞ *ഗ്ലിഫ്സന്*
ഒരായിരം
ആദരാഞ്ജലികൾ



ആശംസകളോടെ
**ജയമോഹന കുമാർ & ഷാമിലി. എൽ-ബഷേൽ**



## 33-ാം വിവാഹ വാർഷികം 21.11.2016



## ഇ. എഡ്വിൻസമാസ് & ലീലാമ്മ ലൂക്കോസ്

**ബെദസ്ഥ, കൊല്ലകോണം**

| മക്കൾ | മരുമക്കൾ | കൊച്ചുമക്കൾ |
|---|---|---|
| അഞ്ജു എഡ്വിൻ | റ്റി.രാജീവ് | ജോയൽ രാജീവ് |
| അഖിൽ എഡ്വിൻ | റ്റിൻറ്റു മേരി എബ്രഹാം | ജർമിയ രാജീവ് |


പിറന്നാൾ ആശംസകൾ
ദിയ
ഏയ്ഞ്ചൽ
6 -11 - 2008
അനിഘ
ഏയ്ഞ്ചൽ
23 -12 - 2014


II ND BIRTHDAY
ANGELIN A JEEVAN
ആശംസകളോടെ
ജീവൻ ട ജോയ്
അർഷ ജീവൻ


ഒന്നാം പിറന്നാൾ
ആഘോഷിച്ച അശ്വിന്
പപ്പയുടെയും അമ്മയുടെയും
ജന്മദിനാശംസകൾ
ഗോഡ്‌വിൻ രാജ് .ജി
ശ്യാമിലി ഗോഡ്‌വിൻ
കമലാഭവൻ
Happy Birthday



## 1st Birthday 4-11-2016

**Aina.B. Ajin**

Nimi Bhavan

With best wishes

Nimi,Ajin & Family Members



**ജസ്റ്റിൻ ജാവർട്ട്.ജെ**

**ഏയ്ഞ്ചൽ**

ഐ.എസ്.ആർ.ഒ യിൽ ടെക്നീഷ്യനായി നിയമനം ലഭിച്ചു




അഖില ലോക സണ്ടേസ്ക്കൂൾ ദിന ഘോഷയാത്ര

## 3rd Birthday

**ഡേവിഡ്.എ**

**അച്ഛൻ: അഭിരൂപ്**

**അമ്മ: ഡോ.ആശ**



**മെറിൻ.പി.ബി**

**പപ്പ: ബിനു**

**അമ്മ: പ്രീത**

ആശംസകളോടെ

വിൽസ്ചാൾസ് & കനകമ്മ പ്രദീപം, കാരുണ്യ





വിനോജ് ഡി സാരസം

# എന്റെ ഇടയൻ

**യഹോവ എന്റെ ഇടയനാകുന്നു. എനിക്ക് മുട്ടുണ്ടാകയില്ല. സങ്കീ:23:1**

യേശു ഇടയനും നമ്മൾ ആടുകളുമാണ്. ആടുകളെ നമുക്ക് എല്ലാവർക്കും അറിയാം. ഒരു സാധുവായ മൃഗം. അതിന് പാമ്പുകളെപോലെ വിഷമോ, ആനയെപ്പോലെ ശക്തിയോ ഒന്നുമില്ല. എന്നാൽ അതിന് ഒരുപാട് ശത്രുക്കളുണ്ട്. കാട്ടിലെ മൃഗങ്ങൾ തങ്ങളുടെ ഇരയായിട്ടും മനുഷ്യർ ഇറച്ചിക്കും ബലിയർപ്പിക്കുന്നതിനും പണ്ടുമുതലേ ഉപയോഗിക്കുന്നുണ്ട്. എന്നിട്ടും ആടുകൾക്ക് വംശനാശം സംഭവിച്ചില്ല. കാരണം യഹോവ ആടുകളുടെ ഇടയനായതുകൊണ്ടാണ്.

മത്താ-10:16 ൽ യേശു ശിഷ്യന്മാരോട് പറയുന്നു ചെന്നായ്ക്കളുടെ നടുവിൽ ആടിനെപ്പോലെ ഞാൻ നിങ്ങളെ അയയ്ക്കുമെന്ന്. ലൂ. 23:35 ൽ ഞാൻ നിങ്ങളെ മടിശ്ശീലയും പൊക്കണവും ചെരിപ്പും കൂടാതെ അയച്ചപ്പോൾ വല്ലകുറവും ഉണ്ടായോന്ന് യേശു ശിഷ്യൻമാരോട് ചോദിച്ച പ്പോൾ ഒരുകുറവും ഉണ്ടായില്ല എന്ന് അവർ പറഞ്ഞു. കാരണം കർത്താവ് അവരുടെ ഇടയ നായതുകൊണ്ട്.

ദാവീദാണ് 23-ാം സങ്കീർത്തനം എഴുതി യത്. ദാവീദ് ഒറ്റ ആട്ടിടയനായതുകൊണ്ട് ആടുക ളുടെ അവസ്ഥ ദാവീദിന് നന്നായിട്ടറിയാം. ഇടയ ന്റെ ആശ്രയമില്ലാതെ ആടുകൾക്ക് ആഹാരം തേടുവാനോ ശത്രുക്കളിൽനിന്ന് സ്വയം രക്ഷനേടാനോ കഴിയുകയില്ല. എന്നാൽ ഇടയനെ ആശ്രയിക്കാത്ത ആടുകൾ കുറവുള്ള വരായി മുട്ടുള്ളവരായി സ്വയം നശിച്ചു പോകും. ഇടയൻ സകലവും തന്റെ ആടുകൾക്ക് നൽ കുന്നു. അതുകൊണ്ട് കർത്താവ് തന്റെ ശരീര ത്തിനും ആത്മാവിനും പ്രാണനും സകലവും തരുമെന്ന് ദാവീദ് വിശ്വസിച്ചു. അതുകൊണ്ട് സന്തോഷത്തോടെ ദാവീദ് പറയുകയാണ് യഹോവ എന്റെ ഇടയനാകുന്നു. എനിക്ക് ഒന്നിനും മുട്ടുണ്ടാകയില്ല.

“കർത്താവിനെ ഇടയനായി സ്വീകരിക്കു മ്പോൾ ഏതൊക്കെ കാര്യങ്ങൾക്കാണ് മുട്ട് ഉണ്ടാകാത്തത്.

**(1) ലോകപ്രകാരം മുട്ടുണ്ടാകയില്ല.**

ഈ ലോകത്ത് നമുക്ക് ഏറ്റവും ആവശ്യമുള്ളത് വസ്ത്രം, പാർപ്പിടം, ആഹാരം, താമസസൗകര്യം, ജോലി, നല്ല കുടുംബം എന്നിവയൊക്കെയാണ്. യഹോവ നമ്മുടെ ഇടയനായി തീരുമ്പോൾ നമുക്ക് ഇതെല്ലാം ലഭിക്കും. ദാവീദിനെ നോക്കുകയാണെങ്കിൽ ദാവീദ് എട്ടാമനായിട്ടാണ് ജനിച്ചത്. ഒരിക്കൽ കാട്ടിൽ ആടുകളെ മേച്ചുകൊണ്ടിരുന്നപ്പോൾ ദൈവം വിളിച്ചുവരുത്തി അഭിഷേകം ചെയ്തു ദാവീദിന് ലോകപ്രകാരമുള്ളതെല്ലാം നൽകി ഒന്നാമതായി ദാവീദിന് സിംഹത്തിൻമേലും കരടിമേലും ജയംനൽകി. രണ്ടാമതായി സഹോദരൻമാരുടെ മദ്ധ്യേ അഭിഷേകം നൽകി

മൂന്നാമതായി ഗോലിയാത്തിനെ തോൽപ്പിക്കുവാനുള്ള ധൈര്യത്തെ നൽകി നാലാമതായി യിസ്രായേൽ രാജ്യത്തിന്റെ ഭരണം നൽകി. ഇതിനെല്ലാം കാരണം യഹോവ ദാവീദിന്റെ ഇടയൻ ആയതുകൊണ്ടാണ്. നാം ആരെയും നിസാരനായി കാണരുത്. നമ്മെ ആരെങ്കിലും നിസ്സാരരായി കണ്ടാൽ വിഷമിക്കുകയും ചെയ്യരുത്. കാരണം നമ്മുടെ ഇടയന് ഈലോക പ്രകാരമുള്ള എല്ലാ അനുഗ്രഹങ്ങളും നൽകു വാൻ സാധിക്കും.

**(2) ശരീരപ്രകാരം ആരോഗ്യത്തിന് മുട്ട് ഉണ്ടാകുകയില്ല**

